**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## രണ്ടാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച റിപ്പോർട്ട്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002-03 മുതൽ 2003-04 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## രണ്ടാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2002-03 മുതൽ 2003-04 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള
ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

361/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 35 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011–2014)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, കെ. എൻ. എ. ഖാദർ

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

,, കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011–14) രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002–03 മുതൽ 2003–04 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2011 ഡിസംബർ മാസം 21–ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

# റിപ്പോർട്ട്

## ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

### പീരുമേട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വനിതാ ബ്യൂട്ടി പാർലർ—അപാകതകൾ—അനധികൃത ചെലവ് അംഗീകരിക്കുന്നില്ല**

അഞ്ച് വനിതകൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിലേക്കുവേണ്ടി 40,000 രൂപ പദ്ധതി വിഹിതവും 10,000 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ആകെ 50,000 രൂപ മുതൽമുടക്കി ബ്യൂട്ടി പാർലർ തുടങ്ങുകയാണ് പദ്ധതി. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ ഒരാൾമാത്രം ഗുണഭോക്താവായി മാറിയതായി കാണുന്നു. ഒരു സ്വയംസഹായ ഗ്രൂപ്പ് പോലും പഞ്ചായത്ത് സംഘടിപ്പിച്ചതായി കാണുന്നില്ല. ഏലിയാമ്മ തോമസ് എന്ന വ്യക്തിയിൽ നിന്നും 10,000 രൂപ വാങ്ങിയതിനുശേഷം 50,000 രൂപ ചെക്കായി നൽകിയിട്ടുണ്ട്. മേൽവിവരിച്ച പ്രകാരം വ്യക്തികൾക്ക് വ്യവസായ (തൊഴിൽ) സംബന്ധിച്ച പദ്ധതികൾക്ക് സഹായം നൽകാൻ പദ്ധതി വിഹിതം ഉപയോഗിക്കാമെന്ന ഒരു മാർഗ്ഗനിർദ്ദേശവും തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടില്ല. ജനകീയാസൂത്രണത്തിന്റെ നിലവിലുള്ള നിയമങ്ങളെ മറികടന്ന് ഫണ്ട് ചെലവഴിക്കുന്ന ഇത്തരം പ്രവണതയെപ്പറ്റി അന്വേഷിക്കേണ്ടതും പദ്ധതിവിഹിത മായി നൽകിയ 40,000 രൂപയിൽ സ്വയംതൊഴിലിന് ദാരിദ്ര്യ രേഖയ്ക്കു താഴെയല്ലാത്ത വ്യക്തിക്കു നൽകാവുന്ന തുകയായ 2,000 രൂപ കിഴിച്ച് ബാക്കി തുകയായ 38,000 രൂപ പിഴയുൾപ്പെടെ ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1.6.3. (1)]

1. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്ന 38,000 രൂപ 7 ദിവസത്തിനകം തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സഹിതം തുക കൈപ്പറ്റിയ ശ്രീമതി ഏലിയാമ്മ തോമസിനും തുക നൽകിയ സെക്രട്ടറി ശ്രീ. സി. ആർ. ധനപാലനും 8-7-2002-ലെ ജി.3-356/02 നമ്പരായി കത്ത് നൽകിയിട്ടുണ്ട്.

ലോക്കൽ ഫണ്ടിന്റെ 17-1-2003 തീയതിയിലെ എൽ.എഫ്.ഐ. 6-426/2002 നമ്പർ അനന്തരക്കുറിപ്പ് പ്രകാരം ശ്രീ. ധനപാലനിൽ നിന്നും ടി തുക ഈടാക്കുന്നതിന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 3-3-2008-ലെ എ4-112/1-8 നമ്പർ കത്ത് പ്രകാരം ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കുവാൻ ഇടുക്കി ജില്ലാ കളക്ടർ മുഖാന്തിരം പാലക്കാട് ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ച് നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കിയ നോട്ടീസ് സമർപ്പിച്ചിട്ടുണ്ട്.

ആർ.ആർ. നടപടിക്കെതിരെ ശ്രീ. ധനപാലൻ കോടതിയിൽ ഡബ്ല്യു.പി. സി. 21815/08 നമ്പരായി കേസ് ഫയൽ ചെയ്യുകയും 13-8-2008-ന് അവധിക്ക് വച്ചിരുന്നെങ്കിലും ഇതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല."

2. ജനകീയാസൂത്രണ പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡമനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയല്ലാത്ത തൊഴിൽ സംരംഭകരുടെ വ്യക്തിഗത ധനസഹായമായി രണ്ടായിരം രൂപാ മാത്രമേ നൽകാവൂ എന്നിരിക്കെ വ്യക്തിഗത സഹായമായി നാൽപ്പതിനായിരം രൂപ നൽകിയ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 2,000 രൂപാ കഴിച്ച് ബാക്കി 38,000 രൂപയും പലിശയും ഈടാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് സമിതി ആരാഞ്ഞു. പഞ്ചായത്തിനുനഷ്ടമായ തുക ഈടാക്കുന്നതിന് 3-3-2008-ൽ ആർ.ആർ. നടപടികൾക്കായി പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയെന്നും എന്നാൽ അതിനെതിരെ അന്നത്തെ പഞ്ചായത്തുസെക്രട്ടറിയായിരുന്ന ശ്രീ. സി. ആർ. ധനപാലൻ ഹൈക്കോടതിയിൽ WPC 21815/08 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായെന്നും പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഹൈക്കോടതി ഈ കേസ്സിലെ നടപടികൾ രണ്ടു മാസത്തേക്ക് സ്റ്റേ ചെയ്യുകയുണ്ടായെന്നും പിന്നീട് സ്റ്റേ വീണ്ടും നീട്ടിയിരിക്കുകയാണെന്നും പീരുമേട് മുൻ പഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ പുതുശ്ശേരി പഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന ശ്രീ. സി. ആർ. ധനപാലൻ സമിതിയെ അറിയിച്ചു.

3. ഗുണഭോക്താവായ ശ്രീമതി ഏലിയാമ്മ ഇപ്പോഴും തന്റെ തൊഴിൽ സംരംഭമായ ബ്യൂട്ടി പാർലർ നടത്തുന്നുണ്ടോ എന്ന ചോദ്യത്തിന് ശ്രീമതി ഏലിയാമ്മയ്ക്ക് അയച്ച രജിസ്റ്റേർഡ് കത്ത് മേൽവിലാസം "Unknown" എന്ന് രേഖപ്പെടുത്തി തിരിച്ചു വരികയുണ്ടായെന്നും ശ്രീമതി ഏലിയാമ്മ സ്റ്റേറ്റ് വിട്ട് പോയിയെന്നും പീരുമേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

4. ശ്രീ. സി. ആർ. ധനപാലൻ ഇപ്പോഴും സർവ്വീസിലുള്ള വ്യക്തിയായതിനാൽ റവന്യൂ റിക്കവറി ആവശ്യമില്ലെന്നും അദ്ദേഹത്തിന്റെ ബാദ്ധ്യത തിട്ടപ്പെടുത്തി ആയത് അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയിൽ വെളിപ്പെടുത്തി.

5. ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. സി. ആർ. ധനപാലൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) 21815/08 നമ്പർ കേസിന്റെ നടത്തിപ്പിലേക്കായി പഞ്ചായത്ത് അഡ്വ. പുരുഷോത്തമ കൈമളിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, ടി കേസ് അടിയന്തിരമായി വിചാരണയ്ക്കെടുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ അഡ്വക്കേറ്റിനെ അറിയിച്ചിട്ടുണ്ടെന്നും സ്റ്റേ ഉത്തരവ് ഒഴിവാകുന്ന മുറയ്ക്കുതന്നെ തുക ഈടാക്കുന്നതിനുള്ള വകുപ്പുതല നടപടി സ്വീകരിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് 19-3-2010 തീയതിയിലെ 25709/AB3/09/ ത.സ്വ.ഭ.വ. നമ്പർ കത്തുമുഖേന സമിതിയെ അറിയിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

6. **കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് വകുപ്പുതല നടപടി മുഖേന പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. സി. ആർ. ധനപാലനിൽ നിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മാതൃകാ നേന്ത്രവാഴത്തോട്ടം—സാമ്പത്തിക നഷ്ടം**

ഒരു മാതൃകാ നേന്ത്രവാഴത്തോട്ടം നിർമ്മിക്കുകയാണ് പദ്ധതി ലക്ഷ്യം. പദ്ധതിക്കു വേണ്ടി ആകെ 18,425 രൂപ ചെലവഴിക്കുകയുണ്ടായി. ഇടുക്കി വികസന അതോറിറ്റി വക ഒരേക്കർ സ്ഥലത്ത് നടത്തിയ പ്രസ്തുത പണിയിൽ കാടുവെട്ടിത്തെളിക്കൽ, വേലികെട്ടൽ, കുഴികൾ നികത്തൽ തുടങ്ങിയ പണികൾ നടത്തിയിട്ടുണ്ട്. കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ടി സ്ഥലത്ത് ജലസേചന സൗകര്യം ഇല്ലെന്ന് കാണുന്നു. ഇപ്രകാരം ജലസേചന സൗകര്യമില്ലാത്തതും കാടുപിടിച്ചുകിടക്കുന്നതുമായ ടി സ്ഥലം വാഴക്കൃഷിയുടെ അനുയോജ്യത നിർണ്ണയിക്കാതെ തെരഞ്ഞെടുക്കുകയും വാഴവിത്തിന്റെ ലഭ്യത ഉറപ്പിക്കാതിരിക്കുകയും ചെയ്തതുമൂലമാണ് ടി പ്രോജക്ട് പരാജയപ്പെട്ടത്. അതിനാൽ കൃഷി ഓഫീസറുടെ നിരുത്തരവാദപരമായ പ്രവൃത്തിമൂലം ഈയിനത്തിൽ വൃഥാ ചെലവായ 18,425 രൂപ തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1.6.4.]

7. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

"നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ആഫീസർ ശ്രീ. ജോർജ്ജ് വി. തോമസ് പത്തനംതിട്ട ജില്ലക്കാരനായതിനാൽ ടിയാനിൽ നിന്നും 18,425 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലാ കളക്ടർ മുഖാന്തിരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് നൽകുന്നതിലേക്കായി 12-1-2008-ൽ എ1-435/07 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടർക്ക് നേരിട്ട് അയച്ച് കൊടുക്കുന്നതിനായി 22-5-2008-ൽ മടക്കുകയും ആയത് 17-6-2008-ന് എ1-435/07 നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. നാളിതുവരെ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ തുക ഈടാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പത്തനംതിട്ട പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ആഫീസർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 26-8-2008-ൽ എ1-435/07 നമ്പരായി കത്ത് നൽകിയിട്ടുണ്ട്. "

8. ജലസേചന സൗകര്യമില്ലാത്തതും കാട് പിടിച്ചുകിടക്കുന്നതുമായ സ്ഥലം വാഴക്കൃഷിക്ക് അനുയോജ്യമാണോയെന്ന് നിർണ്ണയിക്കാതെ തെരഞ്ഞെടുക്കുകയും വാഴ വിത്തിന്റെ ലഭ്യത ഉറപ്പുവരുത്താതെയും മാതൃകാ നേന്ത്രവാഴത്തോട്ടം നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കുകമൂലം പഞ്ചായത്തിനു നഷ്ടപ്പെട്ട തുകയായ 18,425 രൂപ പലിശയില്ലാതെ 18-4-2009-ൽ ആർ.ആർ. നടപടിയിലൂടെ തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. എൻ. സുഭാഷ് സമിതിയിൽ മറുപടി നൽകി.

9. 19-3-2010 തീയതിയിലെ 25709/AB3/09/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം താഴെ പറയുന്ന അധികവിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിക്കുക യുണ്ടായി :

"തുക ഈടാക്കിയത് സംബന്ധിച്ച് 8-9-2009-ൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും പരിശോധിക്കുകയും രസീത് നമ്പർ 85818/1, 7-4-2009 പ്രകാരം തുക ഒടുക്കിയത് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും 5-1-2010-ൽ ലോക്കൽ ഫണ്ട് ആഫീസിൽ നിന്നും അറിയിച്ചു.

പലിശയിനത്തിൽ 29,848 രൂപ അടയ്ക്കുവാൻ 25-5-2009-ൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. ജോർജ്ജ് വി. തോമസിനോട് ആവശ്യപ്പെട്ടിട്ടുള്ളതും ടി തുക ഈടാക്കിത്തരണമെന്ന് കാണിച്ച് 26-6-2009-ലും 2-12-2009-ലും പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് 2-12-2009-ലെ എ.1-435/07 നമ്പർ കത്ത് പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പിഴ പലിശ ഈടാക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിൽ നിന്നും 21-11-2009-ലെ പി.4-1137/07 നമ്പർ പ്രകാരം രജിസ്റ്റേർഡ് കത്തയച്ചിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**10. 18,425 രൂപയുടെ പലിശകൂടി (29,848 രൂപ) ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. ജോർജ്ജ് വി. തോമസിൽ നിന്നും ഈടാക്കണമെന്നും തുക ഈടാക്കിയതിന്റെ വൗച്ചറും രസീതുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോദ്ധ്യപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## ഇടവെട്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വിവിധ വാർഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ—പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല**

1997-1998 വർഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വാട്ടർ അതോറിട്ടിയുടെ മേൽനോട്ടത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി 1,30,000 രൂപയുടെ പദ്ധതി തയ്യാറാക്കുകയുണ്ടായി. എന്നാൽ, പദ്ധതിക്കുവേണ്ടിയുള്ള ടെക്നിക്കൽ ക്ലിയറൻസ് ലഭിച്ചതായി കാണുന്നില്ല. എ.ആർ. നാരായണൻ എന്ന വ്യക്തി കൺവീനറാണെന്നു പ്രതിപാദിക്കുന്നുണ്ടെങ്കിലും ഗുണഭോക്തൃ സമിതി രൂപീകരിച്ചതിന് തെളിവുകളൊന്നും തന്നെയില്ല. പ്രസ്തുത പദ്ധതിക്കുവേണ്ടി പൈപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടി യഥാക്രമം 30,688 രൂപയും 42,500 രൂപയും ചെലവായി ട്ടുണ്ടെങ്കിലും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. കൂടാതെ പൈപ്പുകൾ സ്ഥാപിച്ചതായി യാതൊരു രേഖയും ഇല്ല. ഈ സാഹചര്യത്തിൽ പൈപ്പുകളും മറ്റും വാങ്ങുന്നതിനായി ചെലവായ 73,188 രൂപ ഈടാക്കേണ്ടതാണ്. ടി പദ്ധതിയിൽ

ഉൾപ്പെടുത്തിയിരുന്ന മീമ്മുട്ടിയിലെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി 1998-1999 വർഷം ശ്രീ. എ. ആർ. നാരായണന് തന്നെ നൽകിയ 2,500 രൂപ പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന കാരണത്താലും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല എന്ന കാരണത്താലും നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1.6.5 (1)]

11. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"1997-98 ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് 2-9-2002-ൽ ഇടവെട്ടി പഞ്ചായത്ത് സെക്രട്ടറി ജില്ലാ ലോക്കൽ ഫണ്ട് എക്സാമിനർക്ക് നൽകിയ റിപ്പോർട്ട് പ്രകാരം പ്രാദേശിക പരിശോധനയിൽ പണികൾ നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 15-2-2003 ലെ എൽ.എഫ്.ഐ. 7-442/02 നമ്പർ അനന്തരക്കുറിപ്പ് പ്രകാരം 1999-2000 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 26-ൽ പറയുന്ന തടസ്സം ഒഴിവാക്കി യിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**12. പൈപ്പുലൈനുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്ന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

## കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചൂടാറാപ്പെട്ടി വിതരണം—ചെലവ് അംഗീകരിക്കുന്നില്ല**

സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 20/99/പ്ലാനിംഗ് തീയതി 5-4-1999 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പ്രഷർ കുക്കർ, കുക്കിംഗ് വെസ്സൽസ്, സ്റ്റോറേജ് വെസ്സൽസ്സ്, ലാന്റേൺ മുതലായ ഇനങ്ങൾ വ്യക്തികൾക്കും കുടുംബങ്ങൾക്കും വിതരണം ചെയ്യുന്ന തിന് പദ്ധതിവിഹിതത്തിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്. സാമ്പത്തിക സഹായം അനുവദിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1999-2000 വർഷത്തെ പദ്ധതിയിൽപ്പെടുത്തി ഊർജ്ജമേഖലയിൽ TSP, SCP എന്നീ വിഭാഗത്തിൽപ്പെട്ട ഗുണ ഭോക്താക്കൾക്ക് ചൂടാറാപ്പെട്ടികൾ വിതരണം ചെയ്യുന്നതിനായി ശാസ്ത്ര സാഹിത്യ പരിഷത്തിൽ നിന്നും 415 ചൂടാറാപ്പെട്ടികൾ വാങ്ങിയതിന് 68,500 രൂപ പദ്ധതി വിഹിത ത്തിൽനിന്നും ചെലവ് ചെയ്തിട്ടുണ്ട്. ഉൽപ്പാദനപരമല്ലാത്ത ഇത്തരം ഇനങ്ങളുടെ വിതരണം അനുവദനീയമല്ലാത്ത സാഹചര്യത്തിൽ രൂപ 68,500 ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII .1.6.6(1)]

13. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച പ്രഥമ മറുപടിയിൽ ഈ പദ്ധതി കുക്കിംഗ് വെസൽ എന്ന വിഭാഗത്തിൽ പെടുന്നില്ലായെന്നും ചൂടാറാപ്പെട്ടി വിതരണം ചെയ്തത് ഊർജ്ജ സംരക്ഷണ ഉപാധി എന്ന നിലയിലാണെന്നും വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ നമ്പർ എൽ. എഫ്. ഐ. 9/673/02 10-2-2003 അനന്തര റിപ്പോർട്ടിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

14. **ഊർജ്ജ സംരക്ഷണ ഉപാധിയെന്ന നിലയ്ക്കാണ് ചൂടാറാപ്പെട്ടി വിതരണം നടത്തിയതെന്നും കുക്കിംഗ് വെസ്സൽ എന്ന വിഭാഗത്തിൽ ഇത് ഉൾപ്പെടില്ല എന്നുമുള്ള ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൃഷി—നടീൽ വസ്തുക്കളുടെ വിതരണം—അധിക സാമ്പത്തിക സഹായം അനുവദിച്ചത് അംഗീകരിക്കുന്നില്ല**

കാർഷികമേഖലയിൽ 1998-99 സാമ്പത്തികവർഷം പൂർത്തിയാക്കാൻ കഴിയാതിരുന്ന എസ്.സി.പി. വിഭാഗത്തിലെ നടീൽ വസ്തു വിതരണം, പൊതുവിഭാഗത്തിലെ കശുമാവിൻ തൈ വിതരണം എന്നീ പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളായി 1999-2000 വർഷത്തിൽ നടപ്പാക്കിയപ്പോൾ വസ്തുക്കൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്ത ഇനത്തിൽ ആകെ 1,14,000 രൂപ ചെലവ് ചെയ്തതായി കാണുന്നു. 20-81998-ലെ സ.ഉ. നമ്പർ (പി) 175/98 ത.ഭ.വ. പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന സാമ്പത്തിക സഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം 'Seedlings' വിതരണം ചെയ്യുമ്പോൾ പദ്ധതി വിഹിതത്തിൽനിന്നും അനുവദിക്കാവുന്ന പരമാവധി തുക 50% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന് വിപരീതമായി മേൽ പ്രതിപാദിച്ച നടീൽ വസ്തുക്കളുടെ വിതരണത്തിനായി ചെലവ് ചെയ്ത മുഴുവൻ തുകയും പദ്ധതി വിഹിതമാണ്. ഇത് അനുവദനീയമല്ല. അതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 57,000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1.6.6(2)]

15. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"കൃഷി വകുപ്പ് മേലധികാരികളുടെ അന്വേഷണത്തിനും അഭിപ്രായത്തിനും ശേഷം നടപടി കൈക്കൊള്ളുന്നതാണ് എന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 10-2-2003-ലെ എൽ.എഫ്.ഐ. 09/673/02 നമ്പർ പുനരഭിപ്രായക്കുറിപ്പിൽ

സൂചിപ്പിച്ചിരിക്കുന്നതനുസരിച്ച് മേലധികാരികൾക്ക് പി1-257/07 തീയതി 15-10-2007 ആയി കത്തും ഓർമ്മക്കുറിപ്പും അയച്ചു. ആയത് പ്രകാരം കഞ്ഞിക്കുഴി കൃഷി ഭവൻ മുഖാന്തിരം നടപ്പിലാക്കിയ ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ഇടുക്കി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം 22-7-2008-ലെ എ.ഡി.(1) 9318/07 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ കൃഷി ആഫീസർ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു."

16. നടീൽ വസ്തുക്കളുടെ വിതരണത്തിനായി അധികമായി 57,000 രൂപ ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം സമിതി ആരാഞ്ഞു. ചെറുകിട നാമമാത്ര കർഷകർക്കും എസ്.സി./എസ്.ടി. വിഭാഗത്തിനും 100% സബ്സിഡിയും നൽകാമെന്നുള്ള കൃഷി വകുപ്പിന്റെ മാനദണ്ഡമനുസരിച്ചാണ് കൃഷി ഓഫീസർ സബ്സിഡി നൽകിയതെന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ മുൻ കൃഷി ഓഫീസർ ആയിരുന്ന ഇപ്പോഴത്തെ കോട്ടയ്ക്കൽ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച് ഇടുക്കി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കത്ത് തനിക്ക് ലഭിച്ചിട്ടുണ്ടെന്നും അതു പ്രകാരം നടീൽ വസ്തുക്കളുടെ വിലയായ 1,14,000 രൂപയുടെ 50% ആയ 57,000 രൂപ തിരിച്ചു പിടിക്കാനാണ് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 100% സഹായധനം അനുവദിക്കാമെന്നതിനാൽ ആയതിന് ചെലവായ തുക ഒഴിവാക്കാവുന്ന താണെന്നും ബാക്കി ജനറൽ വിഭാഗത്തിന് നൽകിയിട്ടുള്ള സഹായധനമായ 37,000 രൂപയുടെ 50% ആയ 17,500 രൂപ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ചെലവഴിച്ചിരിക്കുന്നത് എന്നുമാണ് കത്തിൽ പറഞ്ഞിരിക്കുന്നതെന്നും കോട്ടയ്ക്കൽ കൃഷി ഓഫീസർ ശ്രീ. ജോർജ്ജ് വി. തോമസ് സമിതിയെ അറിയിച്ചു.

17. പഞ്ചായത്തിന്റെ പണം കൃഷി വകുപ്പിന്റെ മാനദണ്ഡമനുസരിച്ചല്ല മറിച്ച് പഞ്ചായത്തിന്റെ നോംസ് അനുസരിച്ച് മാത്രമേ ചെലവഴിക്കാവൂ എന്നും മറ്റു വകുപ്പിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥരായി പഞ്ചായത്തിലേക്ക് വരുന്ന ഉദ്യോഗസ്ഥർ പഞ്ചായത്തിന്റെ നോംസ് അനുസരിച്ച് ജനകീയാസൂത്രണത്തിന്റെ നിർവ്വഹണോ ദ്യോഗസ്ഥൻ എന്നുള്ള നിലയിൽ ഡ്യൂവൽ കപ്പാസിറ്റിയിലാണ് പ്രവർത്തിക്കേണ്ടതെന്നും സമിതി ഓർമ്മിപ്പിച്ചു.

18. ഓരോ വർഷവും പദ്ധതി രൂപീകരിക്കുമ്പോൾ ടി പദ്ധതി എങ്ങനെ രൂപീകരിക്കണമെന്നും എങ്ങനെ തുക ചെലവഴിക്കാമെന്നും വ്യക്തമാക്കുന്ന ഉത്തരവ് വകുപ്പ് പുറപ്പെടുവിക്കാറുണ്ടെന്നും എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി. വ്യകതമാക്കി.

19. പ്രോജക്ടിനെ കുറിച്ച് മിനിട്ട്സിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് മിനിട്ട്സിൽ പ്രോജക്ടിനെ കുറിച്ച് ഒന്നും പറയുന്നില്ലെന്നും കൃഷി ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന പ്രോജക്ട് പഞ്ചായത്തിൽ നിന്നും 6-5-2007-ൽ കത്തുമുഖേന ആവശ്യപ്പെട്ടെങ്കിലും നാളിതുവരെയും ലഭിച്ചില്ലെന്നും, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

20. പഞ്ചായത്തിന്റെ മിനിട്ട്സിൽ ഗുണഭോക്താക്കളെ സംബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ഗുണഭോക്തൃ ലിസ്റ്റ് ആരാണ് സൂക്ഷിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിൽ ഇല്ലെന്നും അത് കൃഷി ഓഫീസിലാണ്

സൂക്ഷിച്ചിരിക്കുന്നതെന്നും പല പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും കൃഷി ഓഫീസിൽ നിന്നും നാളിതുവരെ ആയത് ലഭിച്ചിട്ടില്ലെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബന്ധപ്പെട്ട ഓഫീസർ മുഖേന ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമെന്ന് കൃഷിഭവനിലെ നിർവ്വഹണോദ്യോഗസ്ഥൻ ശ്രീ. ആർ. കെ. സുനിൽ സമിതിക്ക് ഉറപ്പ് നൽകി.

21. 19-3-2010 തീയതിയിലെ നമ്പർ 25709/എസി3/09/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് താഴെ പറയുന്ന അധിക വിവരം സമിതിക്ക് സമർപ്പിച്ചു:

സമിതിയുടെ നിർദ്ദേശ പ്രകാരം കൃഷി ആഫീസറിൽ നിന്നും രേഖകൾ ലഭ്യമാക്കി 21-5-2009-ൽ ഇടുക്കി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കുകയും ആയതിന്റെ പുനഃപരിശോധന റിപ്പോർട്ട് 30-5-2009-ൽ എൽ.എഫ്.ഐ. 3-369/09 പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്ന് 21-12-2009-ലെ എൽ.എഫ്.ഐ. 3-1081/09 പ്രകാരം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

**22. പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെ എല്ലാ രേഖകളും അഗ്രികൾച്ചർ ഓഫീസർ പഞ്ചായത്ത് സെക്രട്ടറി മുഖേന 15 ദിവസത്തിനകം ഇടുക്കി ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം 57,000 രൂപ അഗ്രികൾച്ചർ ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കി വകുപ്പു മുഖേന ഈടാക്കാൻ നടപടി സ്വീകരിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

## വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഒടിയപാറ ലക്ഷംവീട് കോളനി റോഡ്—അനധികൃതമായി കൂടുതൽ തുക നൽകി**

മൂന്ന് മീറ്റർ വീതിയിൽ 300 മീറ്റർ ദൂരം സോളിംഗും മെറ്റലിംഗും ടാറിംഗും നടത്തുന്നതിനായി 1997-98 വർഷം പദ്ധതി തയ്യാറാക്കി. ആയതിൻ പ്രകാരം പണികൾ നടത്തുന്നതിനായി 79,911 രൂപ ചെലവാക്കിയിട്ടുള്ളതായി അളവ് ബുക്ക് നമ്പർ 5/97-98-ൽ കാണുന്നു. അസി. എക്സി. എൻജിനീയർ, ജലസേചന സബ് ഡിവിഷൻ, തൊടുപുഴയുടെ 23-2-1999-ലെ കത്തുപ്രകാരം 79,911 രൂപയുടെ ആകെ പണി നടന്നതായും പറയുന്നുണ്ട്. എന്നാൽ മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ വിവിധഘട്ടങ്ങളിലായി കണവീനർക്ക് ആകെ 1,24,500 രൂപ നൽകിയിരിക്കുന്നതായി കാണുന്നു. അതായത് 44,589 രൂപ അധികമായി നൽകിയിട്ടുണ്ട്. നാളിതുവരെയായി പണികൾ പൂർത്തീകരിച്ചിട്ടില്ല. കൂടുതലായി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. കൂടുതലായി നൽകിയ 44,589 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1.6.8(1) ]

23. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെൻറ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"1997-98 ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി ഒടിയപാറ ലക്ഷംവീട് കോളനി റോഡ് എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 1-11-2003-ൽ ഫൈനൽ പെയ്മെന്റ് നടത്തുകയും അഡ്വാൻസ് തുക അധികമായി നൽകിയത് തിരികെ പിടിക്കുകയും ചെയ്തിട്ടുള്ളതാണ്."

24. കൺവീനർക്ക് നൽകിയ അധിക തുക തിരികെ ഈടാക്കിയിട്ടുണ്ടെന്ന് വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി കെ. പി. ഗീതാകുമാരി സമിതിയെ അറിയിച്ചു.

25. ബാദ്ധ്യത തുക തിരികെ ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഇടുക്കി ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ 2 ആഴ്ചയ്ക്കകം ഹാജരാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സെക്രട്ടറിയോടും പ്രസ്തുത രേഖകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

26. 19-3-2010 തീയതിയിലെ നമ്പർ 25709/എസി3/09/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് താഴെ പറയുന്ന അധിക വിവരം സമിതിക്ക് സമർപ്പിച്ചു:

21-12-2009-ലെ എൽ.എഫ്.ഐ. 3-1081/09 നമ്പർ കത്തു പ്രകാരം ഒടിയപാറ ലക്ഷംവീട് കോളനി റോഡ് പണി പൂർത്തിയാക്കിയതിന്റെ രേഖകൾ 31-9-2007-ൽ പരിശോധന നടത്തുകയും ആയത് പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് 12-6-2009-ൽ എൽ.എഫ്.ഐ. 3-448/09 നമ്പർ പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും ഇടുക്കി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

27. **കൺവീനർക്കു നൽകിയ അധിക തുക ഈടാക്കിയതിനാലും ഒടിയപാറ ലക്ഷംവീട് കോളനി റോഡ് പണി പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വോട്ടർപ്പട്ടിക രണ്ടാമതു അച്ചടിപ്പിച്ചത്—ചെലവ് നിരാകരിക്കുന്നു**

പഞ്ചായത്തിന്റെ വോട്ടർപട്ടിക അച്ചടിക്കുന്നതിന് ആകെ 1,10,865 രൂപ ചെലവാക്കിയിട്ടുള്ളതായി കാണുന്നു. ഈ ജോലി ആദ്യത്തെ രണ്ടു ഘട്ടങ്ങളിലായി 37,090 രൂപ ചെലവാക്കി പൂർത്തിയാക്കിയതാണ്. എങ്കിലും 73,775 രൂപ ചെലവാക്കി വീണ്ടും അച്ചടിച്ചതിന്റെ കാരണം ദുരൂഹമാണ്. പേജിന് 65 രൂപാ നിരക്കിൽ വോട്ടർപട്ടികയുടെ 50 കോപ്പി വീതം അച്ചടിക്കുന്നതിനാണ് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ

നിർദ്ദേശിച്ചിട്ടുള്ളത്. ഈ നിരക്കിലും അധികമായി തുക നൽകിയതിന്റെ കാരണവും വീണ്ടും അച്ചടിച്ചതിന്റെ കാരണവും വ്യക്തമാക്കപ്പെട്ടിട്ടില്ല. അവസാനം അച്ചടിച്ചതിന് നൽകിയ പ്രിന്റിംഗ് ചാർജിന്റെ ചെലവ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ തീരുമാനം ഓഡിറ്റിന് ചൂണ്ടിക്കാണിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ 73,775 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII .1.6.9(1)]

28. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെൻറ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ഇ. യു. ജോസഫ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ 7-7-2004-ൽ നേരിട്ട് ഹാജരായി സമർപ്പിച്ച മറുപടിയിൽ അന്തിമ വോട്ടർപ്പട്ടിക രണ്ട് പ്രാവശ്യം അച്ചടിച്ചിട്ടില്ല എന്ന് വിശദീകരിക്കുകയും, രേഖകൾ ഹാജരാക്കുകയും ചെയ്തിരുന്നു. രേഖകൾ പരിശോധിച്ച് 2-8-2004-ൽ പുറപ്പെടുവിച്ച നമ്പർ എൽ.എഫ്.ഐ. 7/307/02/അനന്തര റിപ്പോർട്ടിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്."

29. കരട് വോട്ടർപ്പട്ടിക 50 എണ്ണവും ഫൈനൽപ്പട്ടിക 200 എണ്ണവും അച്ചടിച്ചെന്നും അച്ചടിച്ച പ്രസ്സിന്റെ വൗച്ചറുണ്ടെന്നും കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. അധിക ചെലവിന്റെ (73,775 രൂപയുടെ) രേഖകൾ/വൗച്ചറുകൾ ഓഡിറ്റ് വകുപ്പിനെ കാണിച്ച് ബോധ്യപ്പെടുത്തണമെന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

31. **ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 2-8-2004-ലെ എൽ.എഫ്. 7/307/02 നമ്പർ അനന്തര റിപ്പോർട്ട് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാകയാൽ തുടർനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## ഉപ്പുതറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുളം നിർമ്മാണം—ഉടമസ്ഥത ഉറപ്പുവരുത്താതെ സ്ഥലം വാങ്ങി**

1998-99-ൽ എസ്.സി.പി. പ്രോജക്ടിൽ ഉൾപ്പെടുത്തി 3-ാം വാർഡിൽ ഒരു കുളം നിർമ്മിക്കുന്നതിന് B.L.E.C. അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലേക്കുവേണ്ടി 5 സെന്റ് സ്ഥലം ശ്രീ. ശിവദാസൻ, കുന്നേൽ എന്ന വ്യക്തിയിൽ നിന്നും വാങ്ങുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം പീരുമേട് ടീ കമ്പനിയുടെ ഉടമസ്ഥതയിലുള്ളതാണെന്നും അതിനാൽ പ്രസ്തുത സ്ഥലത്ത് പണികൾ നടത്തുവാൻ പാടില്ലെന്നും 31-3-1999-ൽ കത്ത് മുഖാന്തിരം കമ്പനി അറിയിക്കുകയുണ്ടായി. കൂടാതെ കമ്പനിസ്ഥലത്ത് ശ്രീ. ശിവദാസൻ പ്രവേശിക്കുന്നത് വിലക്കിക്കൊണ്ടുള്ള കോടതി വിധിയുടെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. കുളം നിർമ്മിക്കുന്നതിനായി 8-3-1999-ൽ 41,500 രൂപ കൺവീനർക്ക്

നൽകിയിട്ടുണ്ട്. നാളിതുവരെ പണികൾ ഒന്നും നടത്തിയിട്ടില്ല. കൂടാതെ തുക തിരിച്ചടച്ചതായും കാണുന്നില്ല. പഞ്ചായത്തിന്റേതല്ലാത്ത സ്ഥലത്ത് കുളം നിർമ്മിക്കുന്നതിന് അഡ്വാൻസ് നൽകിയതും ആ തുക വിനിയോഗിക്കാതെ തിരിച്ചടപ്പിക്കാത്തതും പൊതുമുതൽ പാഴാക്കലാണ്. കൺവീനർ കൈപ്പറ്റിയതും 41,500 രൂപ 24% പലിശയുൾപ്പെടെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1.6.10(1)]

32. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെൻറ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച കേസ് ശിവദാസിന് അനുകൂലമായി വിധിച്ചിട്ടുള്ളതാണ്. പദ്ധതി 2002-03 വർഷം പൂർത്തിയാക്കി. കൺവീനർക്ക് 28-9-2002-ൽ 854310-ാം നമ്പർ ചെക്ക് പ്രകാരം ഫൈനൽ ബിൽ തുക 1,89,100 നൽകി. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ 12-6-2003-ലെ എൽ.എഫ്.ഐ. 6/627/02 നമ്പർ അനന്തരക്കുറിപ്പിൽ ടി പരാമർശം ഒഴിവാക്കിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**33. കുളംനിർമ്മാണം—ഉടമസ്ഥത ഉറപ്പുവരുത്താതെ സ്ഥലം വാങ്ങി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ—ഉടമസ്ഥാവകാശം സംബന്ധിച്ച് ആദ്യം തർക്കം ഉണ്ടായിരുന്നുവെന്നും പിന്നീട് ഉടമസ്ഥന് അനുകൂലമായി കേസ്സിന്റെ വിധി വന്നുവെന്നും ഇപ്പോൾ പ്രശ്നങ്ങളെല്ലാം തീർന്നുവെന്നും അമ്പത്തിയഞ്ചോളം കുടുംബങ്ങൾ കുളം ഉപയോഗിക്കുന്നുണ്ടെന്നും ഉള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പോളിടെക്നിക് കെട്ടിടനിർമ്മാണം—സ്ഥലമെടുപ്പ്—ഒഴിവാക്കാമായിരുന്ന ചെലവ്—11,62,075 രൂപയുടെ സാമ്പത്തികനഷ്ടം**

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ഒരു പോളിടെക്നിക് കെട്ടിട നിർമ്മാണാവശ്യത്തിലേക്കുവേണ്ടി സ്ഥലം നൽകുവാൻ തയ്യാറുള്ളവരിൽ നിന്നും 3/99-ൽ പഞ്ചായത്ത് അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഇതിൻപ്രകാരം 6 പേർ രേഖാമൂലം സമ്മതം അറിയിക്കുകയുണ്ടായി. ഇതിൽ പച്ചടി സെന്റ് ജോസഫ്സ് ചർച്ച് വക ആറ് ഏക്കറിൽ കൂടുതൽ സ്ഥലം സൗജന്യമായി നൽകാമെന്ന് ഫാദർ ജോസ് കൊച്ചുപുരയ്ക്കലിന്റെ രേഖാമൂലമുള്ള സമ്മതമുണ്ടായിരുന്നു. ഇതുൾപ്പെടെ നാലുപേർക്ക് അനുയോജ്യ സാക്ഷ്യപത്രം നൽകുന്നതിനുവേണ്ടി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ശുപാർശ ചെയ്തുകൊണ്ട് 6-5-1999-ൽ അപേക്ഷകൾ അയയ്ക്കുകയും ചെയ്തു. എന്നാൽ ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശാനുസരണം സ്ഥലത്തിന്റെ സ്കെച്ചുകൾ അയച്ചുകൊടുത്തപ്പോൾ സ്ഥലം സൗജന്യമായി നൽകാമെന്ന് ഏറ്റിരുന്ന ഫാദർ ജോസ് കൊച്ചുപുരയ്ക്കലിന്റെ

പള്ളിവക സ്ഥലത്തിന്റെ സ്കെച്ച് സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർക്ക് മനഃപൂർവ്വം അയച്ചുകൊടുക്കുകയുണ്ടായില്ല. യഥാർത്ഥത്തിൽ സ്ഥലത്തിന്റെ സ്കെച്ച് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു കൊടുക്കണമെന്നുള്ള വിവരം ഫാദർ ജോസിനെയോ പള്ളി അധികാരികളെയോ സെക്രട്ടറി അറിയിച്ചിരുന്നില്ല. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26-5-1999-ലെ ഉത്തരവ് പ്രകാരം സെക്രട്ടറി സ്കെച്ച് അയച്ചുകൊടുത്തിരുന്ന മൂന്ന് വ്യക്തികളുടെ ഒറ്റ ബ്ലോക്കായി കിടക്കുന്ന 4.23 ഏക്കർ സ്ഥലത്തിന് അനുയോജ്യ സാക്ഷ്യപത്രം നൽകുകയും 3-11-1999-ലെ കത്തുമുഖേന, പഞ്ചായത്തധികൃതർ നിർദ്ദേശിച്ചിരുന്ന ടി സ്ഥലം അക്വയർ ചെയ്യാൻ അനുമതി നൽകുകയുമുണ്ടായി. പഞ്ചായത്ത് സെക്രട്ടറി അയച്ചു കൊടുത്ത മൂന്ന് വ്യക്തികളുടെ ഭൂമിയ്ക്കു യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ അവസരത്തിൽ സൗജന്യമായി നൽകാമെന്ന് ഏറ്റിരുന്ന സ്ഥലത്തെക്കുറിച്ച് കൂടി ഡെപ്യൂട്ടി ഡയറക്ടർ പരിശോധിക്കേണ്ടതായിരുന്നു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരവും ഇടുക്കി ജില്ലാ ഡയറക്ടറുടെ വില നിർണ്ണയ സർട്ടിഫിക്കറ്റും ലഭിക്കുന്നതിന് മുമ്പുതന്നെ ചട്ടങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി പ്രസിഡന്റിന്റെ 29-7-1999-ലെ കത്തുപ്രകാരം തിടുക്കത്തിൽ 3,87,600 രൂപ വസ്തുവിന്റെ വിലയിനത്തിൽ മുൻകൂറായി നൽകുകയുണ്ടായി. ഇതിനുശേഷം നേരത്തെ പറഞ്ഞിരുന്ന മൂന്ന് വ്യക്തികളിൽ നിന്നായി 4.15 ഏക്കർ സ്ഥലം പഞ്ചായത്ത് അക്വയർ ചെയ്തു. ടി സ്ഥലം വാങ്ങിയപ്പോൾ മൊത്തത്തിൽ തനതുഫണ്ടിൽ നിന്നും 11,62,075 രൂപ ചെലവഴിക്കപ്പെട്ടു. 1999-2000-ൽ പ്രവർത്തനമാരംഭിച്ച ഗവ. പോളിടെക്നിക്കിന് A.I.C.T.E.-യുടെ അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല. പോളിടെക്നിക്കിന് ആവശ്യമായ 20 ഏക്കർ സ്ഥലം വേണമെന്നുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. പൊതുമുതൽ ചെലവഴിച്ചതിന്റെ ലക്ഷ്യം കൈവരിക്കാത്തതിനാൽ മുടക്കിയ തുക പാഴ്ച്ചെലവായി തീർന്നു. 11,62,075 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.6.II(1)]

34. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

ഗവൺമെന്റ് പോളിടെക്നിക് സ്ഥലമെടുപ്പിൽ യാതൊരുവിധ അഴിമതിയും നടന്നിട്ടില്ല എന്നും കൂടാതെ സൗജന്യമായി നല്കാമെന്ന് പറഞ്ഞിരുന്ന സ്ഥലം പട്ടയമില്ലാത്തതും ടി ആവശ്യത്തിന് യോഗ്യമല്ലാത്തതും ആയതിനാലാണ് ഫാ. ജോസ് കൊച്ചുപുരയ്ക്കൽ, വികാരി, സെന്റ് ജോസഫ്സ് ചർച്ച് എന്നയാളുടെ അപേക്ഷ പരിഗണിക്കാത്തതെന്ന് വിശദീകരിച്ച് ഗ്രാമപഞ്ചായത്ത് പ്രഥമ മറുപടി നല്കിയിരുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ അനന്തര റിപ്പോർട്ടിൽ പാഴ്ച്ചെലവായ 11,62,075 രൂപയ്ക്കും സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങാത്തപക്ഷം സെക്രട്ടറി മെംബർമാർ എന്നിവരിൽനിന്നും സർച്ചാർജ്ജ് നടപടിയിലൂടെ തുക ഈടാക്കണമെന്ന് പറഞ്ഞിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി വാങ്ങുന്നതിനുള്ള പഞ്ചായത്തിന്റെ പ്രൊപ്പോസൽ എൽ.എസ്.ജി.ഡി. സെക്രട്ടറിക്ക് 28-9-2007-ലെ പി2-833/02 നമ്പർ കത്ത് പ്രകാരം സമർപ്പിക്കുകയും ആയത് പഞ്ചായത്ത് ഡയറക്ടറുടെ 31-10-07-ലെ എച്ച്6-35954/07 നമ്പർ കത്ത് പ്രകാരം അപാകതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2008-ലെ പി2-833/02 നമ്പർ

കത്ത് മുഖേന ഈ ആഫീസിൽ നിന്നും പുനഃസമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 11-8-2008-ലെ എം4-35954/07 നമ്പർ കത്ത് പ്രകാരം സാധൂകരണത്തിനായിട്ടുള്ള അപേക്ഷ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷ അടുത്ത ഓഡിറ്റ് മോണിറ്ററിംഗ് സമിതി മുൻപാകെ സമർപ്പിക്കുന്നതാണ്.

35. സൗജന്യമായി സ്ഥലം നല്കാമെന്ന് ഫാദർ കൊച്ചുപുരയ്ക്കൽ പറഞ്ഞിരുന്നു എങ്കിലും സ്ഥലം റവന്യൂ പുറമ്പോക്ക് ഭൂമിയായിരുന്നുവെന്നും അതിന് പ്രമാണമോ കരം തീർത്ത രസീതോ ഉണ്ടായിരുന്നില്ലെന്നും മാത്രമല്ല പോളിടെക്നിക്കിന് 20 ഏക്കർ സ്ഥലം ആവശ്യമാണെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിരുന്നുവെന്നും ആയതിന് ഡി.ഡി.പി.-യുടെ റിപ്പോർട്ട് ഫയലിലുണ്ടെന്നും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് (സെക്രട്ടറി-ഇൻചാർജ്ജ്) ശ്രീ. എൻ. വിജയകുമാർ സമിതിയെ അറിയിച്ചു.

36. 20 ഏക്കർ സ്ഥലം വേണ്ട സ്ഥാനത്ത് 4.28 ഏക്കർ സ്ഥലം വാങ്ങിയതിന്റെ കാരണമെന്തെന്ന് സമിതി ആരാഞ്ഞതിന് 4.28 ഏക്കർ സ്ഥലമേ അവിടെ ലഭ്യമായിരുന്നുള്ളൂവെന്നും കൂടാതെ അത്രയും സ്ഥലം വാങ്ങാനുള്ള പണമേ പഞ്ചായത്തിന്റെ കൈവശം ഉണ്ടായിരുന്നുള്ളൂവെന്നും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു.

37. ഡി.ഡി.പി.-യുടെ പരിശോധനയിൽ പോളിടെക്നിക്കിനായി സ്ഥലം യോഗ്യമല്ല എന്ന് കണ്ടതിനാലാണ് ഫാദർ ജോസ് കൊച്ചുപുരയ്ക്കലിന്റെ സമ്മതപത്രം മേലധികാരികൾക്ക് അയയ്ക്കാതിരുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

38. $4^1/_2$ ഏക്കർ ഭൂമിയുടെ വാല്യുവേഷൻ നടത്തിയ റിപ്പോർട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇന്ന് മാത്രമേ (13-5-2009) തന്റെ കൈവശം ലഭിച്ചുള്ളൂവെന്ന് ജൂനിയർ സൂപ്രണ്ട് മറുപടി നൽകി. $4^1/_2$ ഏക്കർ സ്ഥലം 14 ലക്ഷം രൂപയ്ക്കാണ് വാങ്ങിയതെന്നും അവിടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നും അതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

39. പഞ്ചായത്തിന്റെ പ്രൊപ്പോസൽ എൽ.എസ്.ജി.ഡി. സെക്രട്ടറിക്ക് 28-9-2007-ലെ പി2-833/02 പ്രകാരം സമർപ്പിക്കുകയും ആയത് പഞ്ചായത്ത് ഡയറക്ടറുടെ 31-10-2007-ലെ എച്ച്6-35954/07 നമ്പർ കത്ത് പ്രകാരം അപാകതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2008-ലെ പി2-833/02 നമ്പർ കത്ത് മുഖേന ഓഫീസിൽ നിന്നും പുനഃസമർപ്പിക്കുകയും ചെയ്തെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 11-8-2008-ലെ എം4-35954/07 നമ്പർ കത്ത് പ്രകാരം സാധൂകരണത്തിനായിട്ടുള്ള അപേക്ഷ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

40. വസ്തു വാങ്ങിയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായാണ് തീരുമാനമെടുത്തതെന്നും സ്ഥലം പോളിടെക്നിക്ക് കെട്ടിട നിർമ്മാണത്തിന് യോഗ്യമല്ലാത്തതിനാൽ

മുകളിലേക്കയയ്ക്കണ്ട എന്നാണ് കമ്മിറ്റി തീരുമാനിച്ചതെന്നും ജൂനിയർ സൂപ്രണ്ട് വ്യക്തമാക്കി.

41. ബന്ധപ്പെട്ട വകുപ്പായ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും രണ്ട് തരം സ്യൂട്ടബിലിറ്റിയാണ് വേണ്ടതെന്ന് എസ്.പി.എ.ഒ, എൽ.എസ്.ജി.ഡി. സമിതിയിൽ വ്യക്തമാക്കി.

42. പോളിടെക്നിക് പ്രവർത്തിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പ്രവർത്തിക്കുന്നില്ലെന്ന് ജൂനിയർ സൂപ്രണ്ട് മറുപടി നൽകി.

43. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതി മുമ്പാകെ 15 ദിവസത്തിനകം സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

44. സമിതിയുടെ നിർദ്ദേശാനുസരണം പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ നേരിട്ട് സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് 2-12-2009-ലെ 25709/AB3/09/LSGD നമ്പർ കത്തുപ്രകാരം സമിതിക്ക് സമർപ്പിച്ചത് ചുവടെ ചേർക്കുന്നു:

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ നിരാകരിച്ചിരുന്ന 11,62,075 രൂപ നഷ്ടപ്പെടുവാനുണ്ടായ സാഹചര്യം പരിശോധിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുവാൻ 11-5-2009-ൽ ചേർന്ന നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

നെടുങ്കണ്ടം ഗവണ്മെന്റ് പോളിടെക്നിക് നിർമ്മാണത്തിനു വേണ്ടി 5 ഏക്കറിൽ കൂടുതൽ സ്ഥലം നൽകുവാൻ തയ്യാറുള്ളവരിൽ നിന്നും ലഭിച്ച 6 വാഗ്ദാനങ്ങളിൽ സൗജന്യമായി സ്ഥലം നൽകാമെന്ന് അറിയിച്ചിരുന്ന ഫാ. ജോസ് കൊച്ചു പുരയ്ക്കലിന്റെ അപേക്ഷ പരിഗണിക്കാതെ വേറെ സ്ഥലം വാങ്ങിയതുമൂലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 11,62,075 രൂപ നഷ്ടം വന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 31-8-2002-ലെ എൽ.എഫ്.എ. 8-1-2002 നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയ പശ്ചാത്തലത്തിലാണ് ബഹു. നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ഒരു പ്രാഥമിക അന്വേഷണം നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതല പ്പെടുത്തിയത്.

ആയതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ. ഈപ്പൻ ഫ്രാൻസിസ്, സീനിയർ ഫൈനാൻസ് ഓഫീസർ ശ്രീ. ഇ. എം. ഷെരീഫ്, ജൂനിയർ സൂപ്രണ്ട് ശ്രീ. പി. ഗിരീശൻ, യു.ഡി. ക്ലാർക്ക് ശ്രീ. റ്റി. വിജയൻ എന്നിവരടങ്ങുന്ന ഒരു ടീം 2009 മേയ് 21, 22, 23 എന്നീ തീയതികളിൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് ബന്ധപ്പെട്ട രേഖകളും സ്ഥലങ്ങളും പരിശോധിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ എ3-270/99 നമ്പർ ഫയൽ പരിശോധന വിധേയമാക്കിയതിൽ താഴെ പറയുന്ന വിവര ങ്ങൾ അറിവായി:

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 20-2-1999-ലെ IV/6-ാം നമ്പർ തീരുമാനപ്രകാരം പോളിടെക്നിക് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ 5 ഏക്കർ സ്ഥലം ലഭ്യമാക്കാൻ

താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷ 30-3-1999-ൽ ദേശാഭിമാനി പത്രപ്പരസ്യം മുഖേന ക്ഷണിച്ചതിൽ താഴെപ്പറയുന്ന 6 അപേക്ഷകൾ ലഭിച്ചു:

| | | | |
|---|---|---|---|
| (1) | ഫാദർ ജോസ് കൊച്ചുപുരയ്ക്കൽ | .. | സൗജന്യമായി 6 ഏക്കർ സ്ഥലം |
| (2) | കെ. കുമാരി | .. | ഒരേക്കർ സ്ഥലത്തിന് 2,70,000 രൂപ നിരക്കിൽ 2 ഏക്കർ 23 സെന്റ് |
| (3) | ചീനിസ്വാമി/കാമാക്ഷിയമ്മാൾ | .. | ഒരേക്കർ സ്ഥലത്തിന് 2,70,000 രൂപ നിരക്കിൽ 1 ഏക്കർ |
| (4) | കമലാവേണി | .. | ഒരേക്കർ സ്ഥലത്തിന് 2,70,000 രൂപ നിരക്കിൽ 1 ഏക്കർ |
| (5) | കെ. മാത്യു | .. | ഒരേക്കർ സ്ഥലത്തിന് 7,00,000 രൂപ നിരക്കിൽ 5 ഏക്കർ |
| (6) | കെ. പി. സണ്ണി | .. | ഒരേക്കർ സ്ഥലത്തിന് 4,00,000 രൂപ നിരക്കിൽ 3 ഏക്കർ. |

ഗ്രാമപഞ്ചായത്തിന്റെ 4-5-1999-ലെ II(1) നമ്പർ തീരുമാനപ്രകാരം ടി അപേക്ഷകൾ പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് കെ. മാത്യു, കെ. പി. സണ്ണി എന്നിവരുടെ അപേക്ഷ പരിഗണിക്കേണ്ടതില്ലായെന്നും മറ്റുള്ള അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിക്കുന്ന തിനും അടിയന്തിരമായി അനുയോജ്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 6-5-1999-ൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാന ത്തിൽ 26-5-1999-ൽ സി3-2477/99/കെ.ഡിസ്. നമ്പരായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഉടുമ്പൻചോല താലൂക്കിൽ കൽക്കൂന്തൽ വില്ലേജിൽപ്പെട്ട സർവ്വേ 29/1, 30/1-ൽപ്പെട്ട ശ്രീ. ചീനിസ്വാമി/കാമാക്ഷിയമ്മാൾ ദമ്പതികളുടെ ഒരേക്കർ സ്ഥലവും, സർവ്വേ 30-ൽപ്പെട്ട ശ്രീമതി കമലാവേണിയുടെ ഒരേക്കർ സ്ഥലവും സർവ്വേ 29/2, 29/3, 30-ൽപ്പെട്ട ശ്രീമതി കുമാരിയുടെ 2ഏക്കർ 23 സെന്റ് സ്ഥലവും ഉൾപ്പെടെയുള്ള 4 ഏക്കർ 23 സെന്റ് സ്ഥലത്തിന് അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

മേൽ വിവരിച്ച സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് 3-11-1999-ലെ സി4-12800/98 നമ്പർ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അനുമതിപത്രം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടറുടെ 2-12-1999-ലെ 26618/99/സി7 നമ്പർ കത്ത് പ്രകാരം ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 2-12-1999-ലെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഉടുമ്പൻചോല താലൂക്കിൽ കൽക്കൂന്തൽ വില്ലേജിൽപ്പെട്ട സർവ്വേ 29/1, 30/1-ൽപ്പെട്ട ശ്രീ. ചീനിസ്വാമി/കാമാക്ഷിയമ്മാൾ ദമ്പതി കളുടെ 1 ഏക്കർ സ്ഥലത്തിനും സർവ്വേ 30-ൽപ്പെട്ട ശ്രീമതി കമലാവേണിയുടെ 1 ഏക്കർ സ്ഥലത്തിനും സർവ്വേ 29/2, 29/3, 30-ൽപ്പെട്ട ശ്രീമതി കുമാരിയുടെ 2 ഏക്കർ 23 സെന്റ് സ്ഥലത്തിനും സെന്റിന് 2500 രൂപ വീതം വില നിശ്ചയിച്ചു

നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലാ ഗവണ്മെന്റ് പ്ലീഡറുടെ 23-7-1999-ലെ ടി.സി. നമ്പർ 106/99, 107/99, 108/99 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം മേൽ വിവരിച്ച സ്ഥലം വാങ്ങുന്നതിന് നിയമോപദേശം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തിന് വിധേയമായ ഫാ. ജോസ് കൊച്ചുപുരയ്ക്കലിന്റെ വസ്തുവും, ഇപ്പോൾ പോളിടെക്നിക്കിന് കൈമാറിയ സ്ഥലവും നേരിൽ പരിശോധിച്ചു. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ പച്ചടി-കുരിശുപാറ എന്ന സ്ഥലത്തുള്ള വസ്തുവാണ് സൗജന്യമായി വാഗ്ദാനം ചെയ്തിരുന്നത്. നെടുങ്കണ്ടം ഉമ്മാക്കട-പച്ചടി റോഡിന് പടിഞ്ഞാറും മാളിയേക്കൽ ജോസഫ്, ഗോപി എന്നിവരുടെ സ്ഥലത്തിന് തെക്കും, കൊല്ലം പറമ്പിൽ കുട്ടപ്പന്റെയും പത്ത്കുഞ്ഞുമോന്റെ വക വസ്തുവിന് കിഴക്കും, ചിന്നപ്പച്ചടി-ചിന്നാർ ഹൈവേക്കു വടക്കുമായിട്ടാണ് ടി സ്ഥലം സ്ഥിതിചെയ്യുന്നത്. സ്ഥലത്തിന്റെ തെക്കു കിഴക്കു ഭാഗത്തായി ഒരു കുരിശ്ശടി സ്ഥിതി ചെയ്യുന്നു. ഏകദേശം 6 1/2 ഏക്കറോളം വരുന്ന ഈ സ്ഥലത്തിന്റെ 5 ഏക്കറോളം കീഴ്ക്കാംതൂക്കായ പാറക്കെട്ടുകളാണ്. ഏകദേശം 1 1/2 ഏക്കർ സ്ഥലത്തുമാത്രം പരമാവധി 4 അടി കനത്തിൽ മേൽ മണ്ണുണ്ട്. ടി സ്ഥലത്ത് പാഴ്മരങ്ങൾ വളർന്ന് നിൽപ്പുണ്ട്.

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള രണ്ടാം വാർഡിലെ കൽക്കൂന്തൽ എന്ന സ്ഥലത്താണ് ഗവ. പോളിടെക്നിക് കെട്ടിടം പണിയുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്ത് 4.23 ഏക്കർ സ്ഥലം വാങ്ങിയിട്ടുള്ളത്. ഇതിനോടുചേർന്ന് ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് അതിർത്തിയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളും ചേർന്ന് ബാക്കി സ്ഥലം വാങ്ങിയിട്ടുണ്ട്. 10 ക്ലാസ് മുറികൾ വീതമുള്ള 2 ബ്ലോക്കുകളായി കെട്ടിടംപണി പൂർത്തിയായി വരുന്നു. മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ പണിയും നടന്നുവരുന്നു. സ്ഥലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ട്.

ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പോളിടെക്നിക്ക് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ പഴയ 9-ാം വാർഡിലെ വരകുറ്റാല ബിൽഡിംഗിന്റെ ഒന്നും രണ്ടും മൂന്നും നിലകളിലായിട്ടുള്ള കെട്ടിട നമ്പർ 14ബി മുതൽ യു. വരെയുള്ള മുറികളിലായി 9 ക്ലാസ്സുകൾ നടന്നു വരുന്നു. വളരെ താമസിയാതെ പുതിയ സ്ഥലത്ത് ഗവ. പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കാമെന്നും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

ഗ്രാമപഞ്ചായത്തിലെ മേൽ സൂചിപ്പിച്ച പ്രധാന ഫയലും ഫയലിലെ വിവരങ്ങളും അന്വേഷണത്തിൽ അറിവായ മറ്റ് വിവരങ്ങളുടെ അടിസ്ഥാനത്തിലും നെടുങ്കണ്ടം ഗവൺമെന്റ് പോളിടെക്നിക് സ്ഥലമെടുപ്പ് സംബന്ധിച്ച് നടപടി ക്രമങ്ങളിൽ താഴെപ്പറയുന്ന അപാകതകൾ പ്രാഥമികമായി കടന്നുകൂടിയിട്ടുള്ളതായി കാണുന്നു:

(1) സർക്കാർ പോളിടെക്നിക് ആരംഭിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകിയ നിർദ്ദേശങ്ങളും സർക്കാരിന്റെ ഭരണാനുമതി ലഭിച്ച ഉത്തരവും ഫയലിൽ കാണുന്നില്ല.

(2) സ്ഥലം വാങ്ങുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് ക്ഷണിച്ച പത്രപ്പരസ്യത്തിൽ സ്ഥലത്തിന്റെ പ്രത്യേകത, ലൊക്കേഷൻ, മതിപ്പുവില, മറ്റ് വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3. സ്ഥലം നൽകുവാൻ തയ്യാറുള്ളവരിൽ നിന്നും ലഭിച്ച 6 അപേക്ഷകളിൽ 3 അപേക്ഷകൾ മാത്രമാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നത്. ശ്രീ. കെ. മാത്യു, ശ്രീ. കെ. പി. സണ്ണി എന്നിവരുടെ അപേക്ഷ നിരസിക്കാനുള്ള കാരണം പഞ്ചായത്ത് തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അനുയോജ്യതാ സർട്ടിഫിക്കറ്റിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ അപേക്ഷയിൽ ഫാ. ജോസ് കൊച്ചുപുരയ്ക്കലിന്റെ അപേക്ഷ നൽകിയതായും കാണുന്നില്ല.

4. ഫാദർ ജോസ് കൊച്ചുപുരയ്ക്കൽ സൗജന്യമായി വാഗ്ദാനം ചെയ്ത ഭൂമി പട്ടയമില്ലാത്തതിനാൽ ടി വസ്തുവിന്റെ വിസ്തീർണ്ണവും അനുബന്ധ വിവരങ്ങളും ഈ ഓഫീസിൽ ലഭ്യമല്ലായെന്ന് കൽക്കൂന്തൽ വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പട്ടയമില്ലാതെ കൈവശം വച്ചിരുന്ന ഭൂമി വാഗ്ദാനം ചെയ്തപ്പോൾത്തന്നെ വസ്തുവിന്റെ ഉടമസ്ഥത തെളിയിക്കാൻ പഞ്ചായത്ത് ഭരണസമിതിയോ, സെക്രട്ടറിയോ, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ശ്രമിച്ചിട്ടില്ലെന്നു കാണാം.

5. ഫാദർ കൊച്ചുപുരയ്ക്കലിന്റെ അപേക്ഷയിൽ പരാമർശിച്ചിരുന്ന സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ച് പഞ്ചായത്തുതലത്തിലോ, ഉദ്യോഗസ്ഥതലത്തിലോ പ്രാഥമിക പരിശോധന നടത്തി വേണമായിരുന്നു മേൽപ്പടി അപേക്ഷ തീർപ്പാക്കേണ്ടി യിരുന്നത്.

6. ഈ വിഷയവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 31-8-2002-ലെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ആഡിറ്റ് റിപ്പോർട്ടിന്മേൽ ഗ്രാമപഞ്ചായത്ത് നൽകിയ പ്രഥമ മറുപടിയുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെ ങ്കിലും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചതായിട്ടുള്ള കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7. ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതിയിൽ വച്ച് ചർച്ച ചെയ്തതായി കാണുന്നില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ 7-2-2003-ലെ LFA8/629/02 നമ്പർ പുനരഭിപ്രായം (Further remarks) ഭരണ സമിതിയിൽ ചർച്ച ചെയ്യുകയോ മറുപടി നൽകിയതായോ കാണുന്നില്ല. നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച യഥാസമയം പരിഹരിച്ചിരുന്നുവെങ്കിൽ പരാമർശ വിധേയമായ ഓഡിറ്റ് തടസ്സം ഒഴിവാകുമായിരുന്നു. മേൽ പ്രസ്താവിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗവ. പോളിടെക്നിക് നിർമ്മാണം സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേരാവുന്നതാണ്:

(i) സൗജന്യമായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലത്തിന്റെ നിയമപരമായ ഉടമസ്ഥാവകാശം, സാങ്കേതികമായി അതിന്റെ അനുയോജ്യത, ഔപചാരിക മായി പഞ്ചായത്ത് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടിയിരുന്ന നടപടികളിലെ പിഴവുകൾ തുടങ്ങിയ വിഷയങ്ങൾ മാറ്റിനിർത്തി ഒരു സാധാരണ വ്യക്തിയുടെ വീക്ഷണത്തിലോ നിരീക്ഷണത്തിലോ പോലും ഫാദർ ജോസ് കൊച്ചുപുരയ്ക്കൽ വാഗ്ദാനം ചെയ്ത സ്ഥലം പോളിടെക്നി ക്കിന്റെ നിർമ്മാണത്തിന് ഒട്ടും അനുയോജ്യമല്ലാത്ത ഒന്നാണെന്ന് പ്രഥമദൃഷ്ട്യാ തന്നെ കാണാവുന്നതാണ്.

(ii) പഞ്ചായത്തിലെ ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്ന് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ഈ പ്രോജക്ടിന് വേണ്ടി ചെലവഴിച്ച 11,62,075 രൂപ പൂർണ്ണമായും വിനിയോഗിച്ച് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞതായും ഇക്കാര്യ ത്തിൽ ഏതെങ്കിലും പാഴ്ച്ചെലവ് ഉണ്ടായതായി കണ്ടെത്താനും കഴിഞ്ഞിട്ടി ല്ലെന്നും കാണാവുന്നതാണ്.

(iii) ടി വസ്തുതകൾ പരിഗണിച്ച് നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റിൽ 11,62,075 രൂപ നിരാകരിച്ച നടപടി ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

45. **പോളിടെക്നിക് കെട്ടിട നിർമ്മാണം സ്ഥലമെടുപ്പ് ഒഴിവാക്കാമായിരുന്ന ചെലവ് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിരാകരണം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കൽ—കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കാ ത്തതുമൂലം നഷ്ടം രൂ. 49,630**

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 10 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതനുസരിച്ച് അഞ്ച് ക്വട്ടേഷനുകൾ ലഭിക്കുകയു ണ്ടായി. ഇതിൽ ഒരു ലാമ്പിന് 4,422 രൂപ നിരക്കിൽ നൽകാമെന്ന് ഏറ്റിരുന്ന തൊടുപുഴ സിഡ്കോയ്ക്ക് ഓർഡർ നൽകാതെ 9,475 രൂപ നിരക്കിൽ ലാമ്പുകൾ നൽകാമെന്ന് ഏറ്റിരുന്ന ശ്രീ. കെ. വി. ജോസഫിൽ നിന്നും ലാമ്പുകൾ വാങ്ങിയതുമൂലം പഞ്ചായത്തിന് 49,630 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനുകൾ നിരസിച്ചതിന് വ്യക്തമായ കാരണങ്ങൾ കാണിക്കാതെയാണ് ഏറ്റവും ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നത്. യാതൊരു തത്വദീക്ഷയു മില്ലാതെ ഭരണസമിതിയും സെക്രട്ടറിയും നിക്ഷിപ്തതാത്പര്യം മുൻനിർത്തി പൊതു മുതൽ നഷ്ടപ്പെടുത്തിയത് വളരെ ഗൗരവമേറിയ വീഴ്ചയാണ്. പഞ്ചായത്തിന് സംഭവിച്ച 49,630 രൂപയുടെ നഷ്ടം ഭരണസമിതിയിൽ നിന്നും സെക്രട്ടറിയിൽനിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുവാൻ ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.1.6.11(1)]

46. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിച്ചതിൽ ക്വട്ടേഷൻ നോട്ടീസിനനുസൃതമായി നൽകാതിരുന്ന ക്വട്ടേഷനുകളാണ് നിരസിച്ചത്. സിഡ്കോയിൽനിന്ന് കൊട്ടേഷൻ സമർപ്പിക്കുന്നത് സാധനം സപ്ലൈ ചെയ്ത് നിലവിലുള്ള ഇലക്ട്രിക് പോസ്റ്റിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നതിനാണ്.

എന്നാൽ കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ടതിൽ നെടുങ്കണ്ടം ഭാഗത്ത് ഇലക്ട്രിക് പോസ്റ്റിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നത് അനുവദനീയമല്ല എന്ന് അറിയിച്ചിരുന്നു. കൂടാതെ പഞ്ചായത്ത് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന പോയിന്റുകളിൽ ഇലക്ട്രിക് പോസ്റ്റ് ഉണ്ടായിരുന്നില്ല. സോഡിയം വേപ്പർ ലാമ്പ് ഘടിപ്പിക്കുന്ന പോസ്റ്റിൽ മീറ്ററും കൂടി ഘടിപ്പിക്കേണ്ടതായിരുന്നു. കെ.എസ്.ഇബി.-യുടെ ഇലക്ട്രിക് പോസ്റ്റിൽ പ്രത്യേകം മീറ്റർ സ്ഥാപിക്കുന്നത് അനുവദനീയമായിരുന്നില്ല. അതിനാലാണ് പ്രത്യേകം പോസ്റ്റ് സ്ഥാപിച്ച് സോഡിയം വേപ്പർ ലാമ്പ് സ്ഥാപിച്ച നടപടി കൈക്കൊണ്ടത്. ഇപ്രകാരമുള്ള പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 7-2-2003-ലെ എൽ.എഫ്.ഐ. 8/629/02-ാം നമ്പർ അനന്തരക്കുറിപ്പ് പ്രകാരം നഷ്ടമായിക്കണ്ട 49630 രൂപയുടെ തടസ്സം ഒഴിവാക്കി.

**നിഗമനങ്ങൾ/ശുപാർശകൾ**

47. **പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ഓഡിറ്റ് വകുപ്പ് ശുപാർശ ചെയ്തതിന്റെ വെളിച്ചത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കറവപ്പശുക്കളെ വിതരണം ചെയ്തതിലെ അപാകതകൾ**

മൃഗഡോക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1998-99 വർഷം നടപ്പിലാക്കിയ പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി ലഭിച്ച ക്വട്ടേഷനുകളിൽനിന്നും ഒരു പശുവിന് 9,900 രൂപയ്ക്കു നൽകാമെന്ന് ഏറ്റിരുന്ന വ്യക്തിയുടെ ക്വൊട്ടേഷൻ അംഗീകരിക്കാതെ 12,160 രൂപ ക്വാട്ട് ചെയ്തിരുന്ന സജി എം. ജോസഫ് എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് അംഗീകരിച്ചിരിക്കുന്നത്. രജിസ്റ്ററുകൾ ഒന്നുംതന്നെ എഴുതി സൂക്ഷിച്ചിട്ടില്ല. ചെക്ക് ബുക്കുകളുടെ കൗണ്ടർഫോയിലുകൾ പരിശോധിച്ചതിൽ പദ്ധതി വിഹിതമായി 2,37,500 രൂപ നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചതായി കാണുന്നുണ്ട്. പശുവിന് 12,000 രൂപ നിരക്കിൽ 34 പശുക്കൾക്ക് 4,08,000 രൂപ നൽകി സജിയുടെ പക്കൽനിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ചെക്കുകളുടെ കൗണ്ടർ ഫോയിലുകൾ പരിശോധിക്കുമ്പോൾ 85 പശുക്കൾക്ക് പണം നൽകിയിരുന്നതായും 75 പശുക്കളെ ഇൻഷ്വർ ചെയ്തിട്ടുള്ളതായും 68 പശുക്കൾക്ക് കടത്തുകൂലി നൽകിയിരുന്നതായും കാണുന്നുണ്ട്. കറവപ്പശുക്കളെ യഥാർത്ഥത്തിൽ വിതരണം ചെയ്തിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിൽ പല ദുരൂഹതകളും നിലനിൽക്കുന്നുണ്ട്. രസീത് ബുക്ക് പ്രകാരം 20 പേരിൽ നിന്നും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതായി കാണുന്നുണ്ടെങ്കിലും 34 പശുക്കളുടേയും വില ശ്രീ. സജി ജോസഫിന് നൽകിയിരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബാങ്കിൽ നിന്നും ഗുണഭോക്താക്കൾക്ക് തുകയൊന്നും നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ 15 പേരുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ സജി ജോസഫിന് മുഴുവൻ തുകയും നൽകിയതിനാൽ പഞ്ചായത്തിന് 1,20,000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് ഉത്തരവാദിയായ മൃഗഡോക്ടറിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. ആകെ ചെലവായ 7,17,500 രൂപയിൽ ഗുണഭോക്തൃ വിഹിതം പിരിവ് 1,20,000 രൂപയും

തിരിച്ചടച്ച ഗുണഭോക്തൃ വിഹിതം 1,20,000 രൂപയും കിഴിച്ച് 4,77,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ യാതൊരു കണക്കും സൂക്ഷിക്കാതെ കുറേ പണം സർവ്വീസ് ബാങ്കിലടച്ചും ബാക്കി നേരിട്ട് കരാറുകാരന് നൽകിയും ധനദുർവിനിയോഗം ചെയ്തിരിക്കുകയാണിവിടെ. ഈ വിഷയത്തിൽ ഭരണവകുപ്പ് യുക്തമായ അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII. 1.6.11(3)]

48. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ മുഴുവൻ തുകയും വിതരണം ചെയ്ത മൃഗഡോക്ടർ മാത്യു തോമസിൽ നിന്നും യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല. സർച്ചാർജ്ജ് ചെയ്ത തുകയായ 1,20,000 രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പേരിൽ ആർ.ആർ. നടപടി സ്വീകരിക്കുന്നതിലേക്കായി 22-9-2006-ലെ എ2-359 നമ്പരായി ജില്ലാ കളക്ടർക്ക് റിക്വിസിഷൻ സമർപ്പിക്കുകയും 17-7-2008-ൽ എ2-359 നമ്പരായി ഓർമ്മക്കുറിപ്പ് നൽകിയിട്ടുള്ളതുമാണ്. ഭരണവകുപ്പ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡോ. മാത്യു തോമസിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ട്.

49. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ഇപ്പോഴും സർവ്വീസിലുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ടിയാൻ ഇപ്പോഴും സർവ്വീസിലുണ്ടോയെന്ന് അറിയില്ലെന്നും, 22-9-2006-ൽ ആർ.ആർ. നടപടി സ്വീകരിക്കുകയും 17-7-2008-നും 16-9-2008-നും ഓർമ്മക്കുറിപ്പുകൾ അയച്ചുവെന്നും 13-5-2009-ലെ നിയമസഭാ തെളിവെടുപ്പ് വേളയിൽ ഹാജരാകണമെന്ന് അറിയിച്ച് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ഡോ. മാത്യു തോമസിനടക്കം എല്ലാവർക്കും 5-5-2009-ൽ രജിസ്റ്റേർഡ് കത്ത് അയച്ചിട്ടുണ്ടെന്നും, പുതുപ്പള്ളിൽ വീട്, അലനാട് (പി.ഒ.), പാലാ എന്ന വിലാസത്തിലാണ് ഡോ. മാത്യു തോമസിന് കത്തയച്ചതെന്നും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു.

50. ഡോ. മാത്യു തോമസിന്റെ നിലവിലെ മേൽവിലാസം രണ്ടാഴ്ചയ്ക്കകം സമിതിക്ക് ലഭ്യമാക്കുന്നതിനോടൊപ്പം പഞ്ചായത്തിനു നഷ്ടം സംഭവിച്ച 1,20,000 രൂപ പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽ നിന്നും വകുപ്പുതല റിക്കവറി വഴി ഈടാക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടണമെന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

51. സമിതിയുടെ നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ ഡോ. മാത്യു തോമസിന്റെ മേൽവിലാസം ഡോ. മാത്യു തോമസ്, പുതുപ്പള്ളിൽ വീട്, അലനാട് പി.ഒ., കോട്ടയം-സമിതിക്കു നൽകുകയും അദ്ദേഹത്തിൽ നിന്നും ബാദ്ധ്യത തുക ഈടാക്കി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് 18-6-2009-ലെ

കത്തുപ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും സമിതിയെ അറിയിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

52. **ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാതെ മുഴുവൻ തുകയും വിതരണം ചെയ്തതുവഴി പഞ്ചായത്തിനു നഷ്ടപ്പെട്ട 1,20,000 രൂപ ഉത്തരവാദിയായ വെറ്ററിനറി സർജൻ ഡോ. മാത്യു തോമസിന്റെ പക്കൽനിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണ്ണിര കമ്പോസ്റ്റ് ജൈവവളം വിതരണം**

പദ്ധതി വിഹിതം 1,00,000 രൂപ ഗുണഭോക്താക്കൾക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മാണ ത്തിലും ജൈവവളപ്രയോഗത്തിലുമുള്ള പരിശീലനം നൽകി. ജൈവവളം ഗുണഭോക്താ ക്കൾക്ക് വിതരണം നടത്തുന്ന പദ്ധതി 24-3-2001-ലെ 369616-ാം നമ്പർ ചെക്ക് പ്രകാരം 350 പേർക്ക് കമ്പോസ്റ്റ് 275 രൂപ നിരക്കിൽ നൽകാൻ 96,250 രൂപ പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റിക്ക് നൽകിയതായി ചെക്കിന്റെ കൗണ്ടർഫോയിലിൽ എഴുതിയിരിക്കുന്നു. തുക കൈപ്പറ്റി രസീത് ഇല്ല. കമ്പോസ്റ്റ്, വളം എന്നിവ വിതരണം നടത്തിയതിന്റെ രേഖകളില്ല. ഫയലുകൾ ഓഡിറ്റിന് നൽകിയിട്ടില്ല. 96,250 രൂപ നിരാകരിച്ചു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.6.1.1]

53. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ഉത്തരവാദിയായ കൃഷി ആഫീസർ ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും തുക ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 31-3-2004-ലെ 18107/സ്പെ. സെൽ (എസ്.സി.2)/03 നമ്പർ കത്ത് പ്രകാരം സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 96,280 രൂപ പലിശ സഹിതം റവന്യൂ റിക്കവറി നടപടിയിലൂടെ വസൂലാക്കണമെന്ന് അപേക്ഷിച്ച് 22-9-2006-ൽ നിർദ്ദിഷ്ട ഫോറമായ ഫോറം 24-ൽ ഉള്ള അപേക്ഷ ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. കളക്ടറേറ്റിൽ നിന്നും മറുപടിയൊന്നും ലഭിക്കാത്തതിനാൽ 20-11-2008-ൽ ഓർമ്മക്കുറിപ്പ് സമർപ്പിച്ചിട്ടുണ്ട്."

54. നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ആഫീസർ സമിതി മുൻപാകെ ഹാജരാ കണം എന്ന് കാണിച്ച് കത്ത് നൽകിയിരുന്നോ എന്ന് സമിതി ആരാഞ്ഞതിന്, 5-5-2009-ന് എല്ലാവർക്കും കത്ത് നൽകിയിരുന്നുവെന്നും, കൃഷി ആഫീസർ എവിടെയാണെന്ന് അറിയില്ലെന്നും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയിൽ മറുപടി നൽകി. 96,250 രൂപ മണ്ണിര കമ്പോസ്റ്റിനായി നൽകിയിരിക്കുന്നത് ശരിയാണോ എന്ന് അറിയാൻ ശ്രീ. ബാബു അലക്സാണ്ടർ (കൃഷി ആഫീസർ) തന്നെ സമിതി മുൻപാകെ ഹാജരാകേണ്ടത് ആവശ്യമാണെന്ന് സമിതി വ്യക്തമാക്കി. സർവ്വീസിലിരിക്കുന്ന ഉദ്യോഗസ്ഥ നായതിനാൽ ബാധ്യത നിശ്ചയിച്ച് ടിയാന്റെ ശമ്പളത്തിൽ നിന്നോ ഗ്രാറ്റുവിറ്റിയിൽ നിന്നോ നഷ്ടം ഈടാക്കുന്നതിന് വകുപ്പു തലവനോ അല്ലെങ്കിൽ പഞ്ചായത്ത്

ഡയറക്ടർ മുഖേന ഓഡിറ്റ് വകുപ്പോ നടപടി സ്വീകരിക്കേണ്ടതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി.

55. ബാദ്ധ്യത നിശ്ചയിക്കുന്നതിനു മുൻപ് കക്ഷിക്ക് വകുപ്പുതലവൻ നോട്ടീസ് നൽകണമെന്ന് വ്യവസ്ഥയുണ്ടെന്ന് SPAO, LSGD കൂട്ടിച്ചേർത്തു.

56. ശ്രീ. ബാബു അലക്സാണ്ടർക്ക് തന്റെ ഭാഗം ന്യായീകരിക്കുവാൻ അവസരം ലഭിച്ചിരുന്നോ എന്ന കാര്യം വ്യക്തമല്ലെന്നും സർച്ചാർജ്ജ് ഇഷ്യൂ ചെയ്തത് സംബന്ധിച്ച രേഖ ഡെപ്യൂട്ടി ഡയറക്ടറുടെ ഫയലിൽ കാണണമെന്നും ഹിയറിംഗ് നടത്താതെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഒരിക്കലും ഇഷ്യൂ ചെയ്യില്ലെന്നും സമിതി വ്യക്തമാക്കി.

57. പഞ്ചായത്ത് ഡയറക്ടറുടെ ചുമതലയുള്ളത് ആർക്കാണ് എന്ന് സമിതി ആരാഞ്ഞതിന് സീനിയർ FO ആണ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എന്ന് SPAO, LSGD മറുപടി നൽകി.

58. സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തപ്പോൾ ശ്രീ. ബാബു അലക്സാണ്ടർ നൽകിയ മറുപടി സമിതിയിൽ വായിക്കുകയുണ്ടായി. പ്രസ്തുത മറുപടി അനുസരിച്ച് എല്ലാ രേഖകളുടേയും ഒറിജിനൽ പഞ്ചായത്തിനും, ഫോട്ടോ കോപ്പി പരിശോധനയ്ക്കും കൊടുത്തിട്ടുണ്ടെന്നാണ് സമിതിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്.

59. ശ്രീ. ബാബു അലക്സാണ്ടറുടെ മറുപടി അനുസരിച്ച് ടിയാന്റെ ഭാഗം ക്ലിയറാണെന്നും എന്നിട്ടും എന്തുകൊണ്ട് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തുവെന്ന് സമിതി ആരായുകയുണ്ടായി.

60. സർച്ചാർജ്ജ് നോട്ടീസിന് ടിയാൻ മറുപടി നൽകാത്തതിന്റെ അടിസ്ഥാനത്തിലാണ് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

61. 19-3-2010 തീയതിയിലെ 25709/AB3/09/തസ്വഭവ. നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് താഴെ പറയുന്ന അധിക വിവരങ്ങൾ സമിതിക്ക് സമർപ്പിക്കുകയുണ്ടായി:

"പഞ്ചായത്ത് ഫണ്ട് നഷ്ടത്തിനുത്തരവാദിയായ കൃഷി ആഫീസർ ശ്രീ. ബാബു അലക്സാണ്ടർ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം കൃഷി ഭവനിൽ കൃഷി ആഫീസറായി ജോലി നോക്കിവരവെ 25-7-2006 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതെ ഇരിക്കുകയാണെന്നും ടിയാന്റെ പേരിലുള്ള നടപടികൾ പുരോഗമിച്ചുവരുന്നുവെന്നും ടിയാന്റെ മേൽവിലാസം ലഭ്യമല്ലായെന്നും ആയതിനാൽ ഇടുക്കി പ്രിൻസിപ്പൽ കൃഷി ആഫീസർ ടിയാന്റെ പേരിലുള്ള ബാദ്ധ്യതാവിവരം ബാദ്ധ്യതാ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും, ടിയാൻ സേവനത്തിൽ തിരികെ പ്രവേശിക്കുകയോ വിരമനാനന്തര ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കുകയോ ചെയ്യുമ്പോൾ തുക ഈടാക്കേണ്ടതാണെന്ന് കൃഷി വകുപ്പ് ഡയറക്ടർ ഇടുക്കി പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്."

ഓഡിറ്റ് ഖണ്ഡിക

**ഹ്രസ്വകാല കൃഷിക്കുള്ള സബ്സിഡി—പദ്ധതി വിഹിതം 2,00,000 രൂപ**

60 സ്വയം സഹായസംഘങ്ങൾക്ക് 2,000 രൂപ വീതം 1,20,000 രൂപ സഹായമായി നൽകിയിട്ടുണ്ട്. 225 ബാഗ് ജൈവവളത്തിന്റെ വിലയായ 49,500 രൂപ പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. കൈപ്പറ്റ് രസീതില്ല. ഗുണഭോക്താക്കൾ വളം കൈപ്പറ്റിയതിന്റെ രേഖകളില്ല. തുക 49,500 രൂപ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.6.1.2]

62. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

ഇടുക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 1-9-2003-ലെ എൽ.എഫ്.ഐ. 8/257/2003 നമ്പർ അനന്തര മറുപടിക്കുറിപ്പ് പ്രകാരം 49,500 രൂപ കൃഷി ആഫീസറായ ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കുന്നതിന് സപ്ലിമെന്ററി സർച്ചാർജ്ജ് നടപടി സ്വീകരിക്കുമെന്ന് പരാമർശിച്ചിട്ടുണ്ട്. അതനുസരിച്ച് കൃഷി ആഫീസർ ശ്രീ. ബാബു അലക്സാണ്ടർക്ക് ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുകയും, മറുപടിയൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ 49,500 രൂപ ശ്രീ. ബാബു അലക്സാണ്ടറിൽ നിന്നും ഈടാക്കി നൽകുന്നതിലേക്കായി 12-8-2007-ലെ എ2-359/07-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൃഷി ഡയറക്ടറോട് അപേക്ഷിക്കുകയും ചെയ്തു. നാളിതുവരെ മറുപടി ലഭിക്കാത്തതിനാൽ 20-11-2008-ൽ കൃഷി ഡയറക്ടർക്ക് ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്.

63. 225 ബാഗ് ജൈവവളത്തിന്റെ വിലയായ 49,500 രൂപ പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റിക്ക് നൽകിയെങ്കിലും കൈപ്പറ്റ് രസീത് ഇല്ലാത്തതിനാൽ ചെലവ് നിരാകരിക്കുന്നു എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഒരിക്കൽക്കൂടി വിശദ പരിശോധന നടത്തി പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റി എന്ന സഹകരണ സംഘം വഴിയാണോ ടി പദ്ധതി നടപ്പാക്കിയതെന്നും അതിനാൽത്തന്നെ ടി പരാമർശം ഒഴിവാക്കാവുന്നതാണോ എന്നുമുള്ള വിവരം രണ്ടാഴ്ചയ്ക്കകം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ഇടുക്കി ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

**64. മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു ഓഡിറ്റ് പരാമർശങ്ങളിലും ഉൾപ്പെട്ട വസ്തുതകൾ ഒരിക്കൽക്കൂടി വിശദമായി പരിശോധിച്ചതിനുശേഷം സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. അതിനുശേഷം ഇക്കാര്യത്തിൽ മേൽനടപടി ശുപാർശ ചെയ്യുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## വട്ടവട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചെക്ക്‌ലീഫും കൗണ്ടർഫോയിലും മോഷ്ടിച്ച് ധനാപഹരണം നടത്തി—1,69,505 രൂപ**

ട്രഷറി പ്ലാൻ പി.ഡി. അക്കൗണ്ടിന്റെ 403460/21-8-2000-ാം നമ്പർ ചെക്കുപ്രകാരം 76,468 രൂപയും 403499/28-11-2000-ാം നമ്പർ ചെക്കുപ്രകാരം 93,037 രൂപയും ഉൾപ്പെടെ ആകെ 1,69,505 രൂപ സെക്രട്ടറി ശ്രീ. പി. ജി. മോഹനൻ അനധികൃതമായി പിൻവലിച്ചതായി കാണുന്നു. ചെക്ക് ബുക്കിൽ നിന്നു ഈ രണ്ട് ചെക്കിന്റെയും കൗണ്ടർഫോയിലുകൾ അടർത്തിമാറ്റിയിട്ടുണ്ട്. ടി ചെക്കുകൾ പണമാക്കി മാറ്റിയതിന്റെ വിശദാംശം ട്രഷറിയിൽ ആരാഞ്ഞപ്പോൾ ചെക്കെഴുതിയ ദിവസം തന്നെ തുക കൈപ്പറ്റിയതായി ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി ചെലവുകൾ സംബന്ധിച്ച ഫയലോ രജിസ്റ്ററോ ഒന്നും എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിൽ നിന്നും ആയത് ബോധപൂർവ്വമായ മോഷണമാണെന്ന് വ്യക്തമാണ്. ടിയാനിൽ നിന്നും തുക പിഴപ്പലിശയുൾപ്പെടെ തിരികെ ഈടാക്കേണ്ടതും യുക്തമായ ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.6.12(i)]

65. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

"ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. ജി. മോഹനനിൽ നിന്നും തുക ഈടാക്കുന്നതിനായി പഞ്ചായത്ത് ആഫീസിൽ നിന്നും 21-5-2007-ൽ അയച്ച ആർ.ആർ. നോട്ടീസ് ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ആയതിന്റെ ശരിപ്പകർപ്പ് ഇതുസഹിതം സമർപ്പിക്കുന്നു. നോട്ടീസ് പ്രകാരം തുക തിരിച്ചടയ്ക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടി തുക ഈടാക്കി നൽകുന്നതിന് കോട്ടയം ജില്ലാ കളക്ടർ അവർകൾക്ക് നിശ്ചിത പ്രൊഫോർമയിൽ 3-8-2007-ൽ എ1-394/07 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 11-7-2008-ൽ എ1-394/07 നമ്പർ കത്തായി ഓർമ്മക്കുറിപ്പ് അയച്ചുവെങ്കിലും നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടില്ല. ശ്രീ. പി. ജി. മോഹനൻ 31-3-2008-ൽ കോട്ടയം ജില്ലയിലെ മീനച്ചിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്."

(2) ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. ജി. മോഹനനെതിരെ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ 25-4-2003-ൽ ഡി5-7462/02 നമ്പരായി കുറ്റാരോപണ മെമ്മോയും കുറ്റപത്രവും നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 30-12-2006-ലെ നമ്പർ ഡി8-7462/02 പ്രകാരം ശ്രീ. പി. ജി. മോഹനനെതിരെ വി.സി.20/2003/ഐഡികെ നമ്പരായി വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ വകുപ്പുതല അച്ചടക്ക നടപടികൾ നിർത്തിവച്ച് ഉത്തരവായിട്ടുണ്ട്.

(3) വിജിലൻസ് ഇടുക്കി യൂണിറ്റിന്റെ 19-9-2008-ലെ വി.സി/20/03/ഐഡികെ നമ്പർ കത്ത് പ്രകാരം കേസ് അന്വേഷണം പൂർത്തിയായതായും 26-9-2006-ൽ അന്വേഷണ കമ്മീഷണർ മുൻപാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഫണ്ടിൽ നിന്നും ധനാപഹരണം**
**ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 6,945 രൂപ അപഹരിച്ചു**

**ഓഡിറ്റിൽ കണ്ടെത്തിയ വിശദാംശങ്ങൾ:**

(1) രസീത് ബുക്കിലെ തീയതി തിരുത്തി താല്ക്കാലിക പണാപഹരണം 6,954 രൂപ.

(2) തമിഴ് വോട്ടേഴ്സ് ലിസ്റ്റിന്റെ പ്രിന്റിംഗ് ചാർജ്ജായി ആവശ്യത്തിലധികം തുക പിൻവലിച്ചു. ആകെ പിൻവലിച്ച തുക 15,000 രൂപ. എന്നാൽ പ്രസ് ഉടമ നൽകിയ കൈപ്പറ്റ് രസീത് 9,000 രൂപയ്ക്ക് മാത്രം. ധനാപഹരണം 6000 രൂപ.

(3) കൂടാതെ വിശദാംശങ്ങളില്ലാതെ തുകകൾ മാറിയിരിക്കുന്നു. വൗച്ചറുകളും ഹാജരാക്കിയിട്ടില്ല. ചെക്ക് പ്രകാരം കൂടുതൽ തുകകളും സ്വന്തം പേരിൽ എഴുതി മാറിയിരിക്കുന്നു. ഇത്തരത്തിൽ കണ്ടെത്തിയ തുക 1,32,146 രൂപ യുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.6.2]

66. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

(1) ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ പ്യൂൺ ആയ ശ്രീ. മാരിയപ്പൻ താൽക്കാലികമായി പണാപഹരണം നടത്തിയ തുക തിരിച്ചടയ്ക്കുകയും, പിഴപ്പലിശയിനത്തിൽ അടയ്ക്കേണ്ടിയിരുന്ന 18 രൂപ 31-3-2007-ലെ 5395/15 രസീതു നമ്പരായി ഒടുക്കിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(2) ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. ജി. മോഹനനിൽ നിന്നും തുക ആർ.ആർ. നടപടിയിലൂടെ ഈടാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊണ്ട് 3-8-2007-ൽ കോട്ടയം ജില്ലാ കളക്ടർക്ക് എ1-324/07 നമ്പർ കത്തായി റിക്വിസിഷൻ സമർപ്പിക്കുകയും 11-7-2008-ൽ എ1-324/07 നമ്പരായി ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ജി. മോഹനൻ കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 31-3-2008-ൽ വിരമിച്ചിട്ടുള്ളതാണ്.

67. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഇപ്പോൾ വിജിലൻസ് കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുകയാണെന്നും, വിധി വന്നിട്ടില്ലെന്നും തുക ഈടാക്കുന്നതിന് ഫോം 24-ൽ കോട്ടയം കളക്ടർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും വട്ടവട ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് സമിതിയിൽ വിശദീകരിച്ചു.

68. തുക ഈടാക്കുന്നതിന് വിജിലൻസ് കേസ് ഒരു തടസ്സമല്ലെന്നും SPAO, LSGD കൂട്ടിച്ചേർത്തു.

69. ശ്രീ. പി. ജി. മോഹനൻ 31-3-2008-ലാണ് റിട്ടയർ ചെയ്തെന്നും എന്നാൽ DCRG റിലീസ് ചെയ്തിട്ടില്ലെന്നും, പെൻഷൻ ബുക്ക് രജിസ്റ്റേർഡ് ആയി അയച്ചിട്ടും അത് കൈപ്പറ്റാതെ തിരിച്ചുവന്നുവെന്നും ഇപ്പോൾ ടിയാന്റെ മേൽവിലാസം സംബന്ധിച്ച് യാതൊരു അറിവുമില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിച്ചു.

70. DCRG നൽകാത്തതിനാൽ DCRG-യിൽനിന്നും നഷ്ടം ഈടാക്കാമെന്നും അത് D.D.P. യാണ് ചെയ്യേണ്ടതെന്നും ബാധ്യത തുക അധികം ഉണ്ടെങ്കിൽ മാത്രം ആർ.ആർ. നടപടിയിലേക്ക് പോയാൽ മതിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

71. രണ്ടു കേസ്സുകളിലും DCRG-യിൽ നിന്ന് തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണെന്ന് സമിതി വ്യക്തമാക്കി.

72. പഞ്ചായത്ത് ഫണ്ടിൽ നിന്നും ധനാപഹരണം നടത്തിയ കേസ്സിൽ 1,32,000 രൂപ വിവിധ കാര്യങ്ങൾക്കായി സ്വന്തം പേരിൽ ചെക്കെഴുതി മാറ്റിയത് വ്യക്തമായ ധനാപഹരണമാണെന്നും അപ്രകാരം ചെയ്ത ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തോ എന്നും സമിതി ആരാഞ്ഞതിന് ടിയാനെ സസ്പെന്റ് ചെയ്തെങ്കിലും റീ-ഇൻസ്റ്റേറ്റ് ചെയ്തു എന്ന് ഹെഡ് ക്ലാർക്ക് മറുപടി നൽകി.

73. ഒരു ഉദ്യോഗസ്ഥൻ മനഃപൂർവ്വം സ്വന്തം പേരിൽ അയാളുടെ ഓഫീസ് അക്കൗണ്ടിൽ നിന്നും തുക എടുത്താൽ അത് ഓഡിറ്റ് കഴിഞ്ഞാൽ മാത്രം കണ്ടുപിടി ക്കാനുള്ള സംവിധാനമേ ഡിപ്പാർട്ട്മെന്റിലുള്ളോ എന്ന് സമിതി ആരാഞ്ഞതിന്, അത് ഓഡിറ്റിന്റെ സമയത്താണ് കണ്ടുപിടിച്ചതെന്നും യഥാർത്ഥത്തിൽ മൂന്ന് മാസത്തിലൊരി ക്കൽ നടക്കുന്ന പെർഫോർമൻസ് ഓഡിറ്റിൽ കണ്ടെത്തേണ്ടതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

**നിഗമനങ്ങൾ/ശുപാർശകൾ**

**74. ചെക്ക് ലീഫും കൗണ്ടർ ഫോയിലും മോഷ്ടിച്ച് അപഹരിച്ച, 1,69,505 രൂപ യും, തമിഴ് വോട്ടേഴ്സ് ലിസ്റ്റിന്റെ അച്ചടിക്കായി പിൻവലിച്ച 15,000 രൂപയിൽ കൈപ്പറ്റ് രശീതുള്ള 9,000 രൂപ കഴിച്ച് ബാക്കി 6,000 രൂപയും വിശദാംശങ്ങളില്ലാതെ ട്രഷറിയിൽ നിന്നും പിൻവലിച്ച 1,32,146 രൂപയും ചേർത്ത് ആകെ 3,07,651 രൂപ പലിശ സഹിതം ശ്രീ. പി. ജി. മോഹനന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കണ മെന്നും ഡി.സി.ആർ.ജി.യിലെ തുക അപര്യാപ്തമാണെങ്കിൽ ബാക്കി വരുന്ന തുക ആർ.ആർ. നടപടിയിലൂടെയും ഈടാക്കി ആയതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**75. അതോടൊപ്പം പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്നും ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

## കരുണാപുരം ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ട്രാക്ടറിന് അധിക ചെലവ്**

ഗ്രാമപഞ്ചായത്തിന്റെ ട്രാക്ടറിന് അധിക ചെലവുകൾ കാണുന്നു. വാഹനത്തിന്റെ ലോഗ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. വാടകയ്ക്ക് ട്രാക്ടർ ഓടിച്ചിട്ടുണ്ടെങ്കിലും വരവ്

കാണുന്നില്ല. അധിക ചെലവുകൾക്ക് തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ചെലവുകൾ സാധൂകരിച്ചിട്ടില്ല. അതിനാൽ ഈയിനത്തിലെ ചെലവ് 8,570 രൂപ അംഗീകരിച്ചിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.6.3 (1)]

76. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 14-2-2007-ലെ LFI.11295/Spl.Cell/(SC2/05) പ്രകാരം പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. പി. ഡി. രവീന്ദ്രൻ (മുൻ സെക്രട്ടറി) ഇടുക്കി ജില്ലാ കോടതിയിൽ OS 12/12-3-2007 നമ്പരായി കേസ് ഫയൽ ചെയ്തു. ടി കേസ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഡ്വ. എസ്. പ്രവീണിനെ വക്കാലത്ത് ഏല്പിച്ചു. ഈ കേസിൽ തുടർനടപടികൾ ഒന്നും ആയിട്ടില്ല.

77. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന്, മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ഡി. രവീന്ദ്രനെതിരെ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ആയതായിരുന്നെന്നും അതിനെതിരെ ടിയാൻ ജില്ലാ കോടതിയിൽ അപ്പീലിന് പോവുകയും അത് അനുവദിക്കുകയും ചെയ്തെന്നും അതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടെന്നും വട്ടവട ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് സമിതിയിൽ ബോധിപ്പിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**78. കേസുമായി ബന്ധപ്പെട്ട് കോടതി വിധിയായോ എന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കറണ്ട് ചാർജ്ജ്—ചെലവ് അംഗീകരിക്കുന്നില്ല**

ജനകീയാസൂത്രണ പദ്ധതിയിൽ നിർമ്മിച്ച ജലസേചന പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് കറണ്ട് ചാർജ്ജ് ഒടുക്കിയതായി കാണുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ നിർമ്മിക്കുന്ന ജലസേചനപദ്ധതികൾക്ക് വരുന്ന ചെലവുകൾ ഗുണഭോക്തൃ സമിതികളാണ് വഹിക്കേണ്ടത്. അതിനാൽ ടി ചെലവുകൾ പഞ്ചായത്ത് വഹിച്ചത് അംഗീകരിക്കുന്നില്ല. 27,876 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.6.3.2]

79. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ 14-2-2007-ലെ LFI.11295/Spl. Cell/(SC2/05) പ്രകാരം പുറപ്പെടുവിച്ച സർച്ചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. പി. ഡി. രവീന്ദ്രൻ (മുൻ സെക്രട്ടറി) ഇടുക്കി ജില്ലാ കോടതിയിൽ OS 16/10-4-2007 നമ്പരായി കേസ്

ഫയൽ ചെയ്തു. ടി കേസ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഡ്വ. എസ്. പ്രവീണിനെ വക്കാലത്ത് ഏൽപ്പിച്ചു. ഈ കേസിൽ തുടർനടപടികൾ ഒന്നും ആയിട്ടില്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

80. **കേസുമായി ബന്ധപ്പെട്ട് കോടതി വിധിയായോ എന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി ശുപാർശ ചെയ്യുന്നു.**

## പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നടീൽ വസ്തുക്കളുടെ നേഴ്സറി**

പഞ്ചായത്തിലെ സഹകരണ ബാങ്കുകളിൽ രൂപീകരിച്ചിട്ടുള്ള കാർഷിക ക്ലബ്ബുകൾക്ക് പദ്ധതി അനുസരിച്ച് 10,000 രൂപ വീതം നൽകിയതായി കാണുന്നു. എന്നാൽ ടി തുക കൈപ്പറ്റിയതിന്റെ രേഖകളോ രസീതുകളോ ഓഡിറ്റിൽ നൽകിയിട്ടില്ല. തുകകൾ വ്യക്തികൾക്കാണ് നൽകിയിരിക്കുന്നത്. ആയതിന്റെ വിശദീകരണവും ലഭ്യമല്ല. 50,000 രൂപയുടെ ചെലവ് നിരാകരിച്ചിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.6.6]

81. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

ഇടുക്കി ജില്ലാ കളക്ടർക്ക് ആർ.ആർ. നടപടിക്കായി പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ (ലെറ്റർ നമ്പർ എ1-181/98 തീയതി 1-9-2007) ഉത്തരവാദിയായ കൃഷി ആഫീസർ ശ്രീ. ആർ. കെ. സുനിൽകുമാർ അടയ്ക്കേണ്ട 56,031 രൂപയിൽ നിന്നും 28,570 രൂപ ഉടുമ്പൻചോല തഹസിൽദാർ ആർ.ആർ. നടപടിയിലൂടെ ഈടാക്കി 14-2-2008-ൽ 85926/19-ാം നമ്പർ രസീതുപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ടി തുക 14-2-2008-ൽ ക്യാഷ് ബുക്കിൽ വരവ് വരുത്തിയിട്ടുണ്ട്. ബാക്കി തുകയായ 27,461 രൂപ 31-3-2008-ൽ ഗ്രാമപഞ്ചായത്തിൽ 85936/28-ാം നമ്പർ രസീതുപ്രകാരം ഒടുക്കു വരുത്തുകയും 31-3-2008-ൽ ക്യാഷ് ബുക്കിൽ വരവ് വരുത്തുകയും ചെയ്തിട്ടുണ്ട്.

82. 13-5-2009-ൽ ചേർന്ന സമിതി യോഗം ഗവൺമെന്റ് മറുപടി പരിശോധിച്ചു. യോഗത്തിന്റെ സംക്ഷിപ്തം

83. പ്രോജക്ടിൽ പറഞ്ഞിരുന്നത് നടീൽ വസ്തുക്കൾ ക്ലബ്ബുകൾക്ക് കൊടുക്കാനായിരുന്നുവെന്നും ക്ലബ്ബുകൾ ഇല്ലാത്തതിനാൽ വ്യക്തികൾക്ക് കൊടുക്കുകയാണുണ്ടായതെന്നും ഇക്കാര്യം പഞ്ചായത്തിന്റെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പണം അടച്ചിട്ടുണ്ടെന്നും പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് കൃഷി ആഫീസർ സമിതിയെ അറിയിച്ചു. പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം. എസ്. രവി മിനിട്ട്സ് സമിതിയെ വായിച്ചു കേൾപ്പിക്കുകയുണ്ടായി. 14-3-2001-ലെ മീറ്റിംഗിലെ 3-ാം നമ്പർ തീരുമാനപ്രകാരമാണ് വ്യക്തികളെ തെരഞ്ഞെടുത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

84. 27,461 രൂപ പഞ്ചായത്തിൽ വരവ് വരുത്തിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പണം രണ്ട് ഗഡുക്കളായി തിരിച്ചടച്ചിട്ടുണ്ടെന്നും രസീത് സൂക്ഷിച്ചിട്ടു ണ്ടെന്നും കൃഷി ഓഫീസർ മറുപടി നൽകി.

85. പണം തിരിച്ചടച്ചതു സംബന്ധിച്ച രശീതുകളും ഗുണഭോക്താക്കൾ ബോണ്ട് വെച്ചതിന്റെ ഡേറ്റും വിശദവിവരവും ഫയലുകളും കൃഷി ആഫീസർ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കി. ക്രമപ്രകാരമാണ് ചെലവു ചെയ്തതെന്ന് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാനും അടച്ച പണം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കാനും സാധിക്കും എന്ന് സമിതി കൃഷി ആഫീസറെ അറിയിച്ചു. ആയതിനാൽ ഇതിനുള്ള നടപടി സ്വീകരിക്കുവാൻ കൃഷി ആഫീസറോടും ഇതു സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കു വാൻ ഓഡിറ്റിനോടും സമിതി നിർദ്ദേശിച്ചു.

86. 19-3-2010 തീയതിയിലെ 25709/AB3/2009/ത.സ്വ.ഭ.വ നമ്പർ കത്തുപ്രകാരം ത.സ്വ.ഭ.വകുപ്പ് താഴെപ്പറയുന്ന അധികവിവരം സമിതിക്ക് സമർപ്പിക്കുകയുണ്ടായി:

"ബഹു. ഇടുക്കി ജില്ലാ കളക്ടർക്ക് ആർ.ആർ. നടപടികൾക്കായി പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ കൃഷി ആഫീസർ ശ്രീ. ആർ.കെ. സുനിൽകുമാർ അടയ്ക്കേണ്ട 56,031 രൂപയിൽ നിന്നും 28,570 രൂപ 14-2-2008-ൽ 85926/19 നമ്പർ രസീതു പ്രകാരം പഞ്ചായത്തു ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ടി തുക 14-2-2008-ൽ ക്യാഷ് ബുക്കിൽ വരവ് വരുത്തിയിട്ടുണ്ട്. ബാക്കി തുകയായ 27,461 രൂപ 31-3-2008-ൽ 85936/28 നമ്പർ രസീതു പ്രകാരം ഒടുക്കുവരുത്തുകയും 31-3-2008-ൽ ക്യാഷ് ബുക്കിൽ വരവു വരുത്തുകയും ചെയ്തു."

**നിഗമനങ്ങൾ/ശുപാർശകൾ**

**87. ബാദ്ധ്യത തുക പൂർണ്ണമായും കൃഷി ആഫീസറിൽ നിന്നും ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിനുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്ന താണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കുടയത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിലില്ലായ്മ വേതന വിതരണം—സാമ്പത്തിക തിരിമറി.**

കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ 12/1998 മുതൽ 5/1999 വരെയുള്ള കാലയളവി ലേക്കായി തൊഴിൽരഹിതവേതനത്തിനായി അനുവദിച്ച 1,69,200 രൂപയിൽ 1,57,400 രൂപ വിതരണം ചെയ്യുകയുണ്ടായി. ബാക്കി തുകയായ 11,800 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടിയ്ക്കാതെ പഞ്ചായത്ത് സെക്രട്ടറി അപഹരിച്ചതായി ഓഡിറ്റിൽ കണ്ടെത്തി. ടി തുക പിഴപ്പലിശയുൾപ്പെടെ ഈടാക്കുവാനും അനന്തര നടപടികൾ കൈക്കൊള്ളുന്നതിലേക്കുമായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 6.14(1)]

88. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"2002-03 സമാഹൃത ആഡിറ്റ് റിപ്പോർട്ട് 7.6.14(1) പ്രകാരം ഈടാക്കുവാനുള്ള 11,800 രൂപ 24% പിഴപ്പലിശയായ 21,407 രൂപയും ഉൾപ്പെടെ 33,207 രൂപ ശ്രീ. റ്റി. കെ. ഹരിലാൽ സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫോം നമ്പർ 24-ൽ ഇടുക്കി ജില്ലാ കളക്ടർക്ക് റിക്വിസിഷൻ 28-11-2007-ൽ സമർപ്പിച്ചിരുന്നു. ശ്രീ. റ്റി. കെ. ഹരിലാൽ കൊല്ലം ജില്ലാ നിവാസിയായതിനാൽ ആർ. ആർ. റിക്വിസിഷൻ കൊല്ലം ജില്ലാ കളക്ടർക്ക് നേരിട്ട് അയച്ചുകൊടുത്താൽ മതിയെന്ന് കാണിച്ച് മടക്കുകയും അതിനെത്തുടർന്ന് 21-2-2008-ൽ ആർ.ആർ. റിക്വിസിഷൻ കൊല്ലം ജില്ലാ കളക്ടർക്ക് രജിസ്റ്റേർഡ് തപാലായി അയച്ചുകൊടുക്കുകയും ചെയ്തു. ശ്രീ. റ്റി. കെ. ഹരിലാൽ ഇപ്പോൾ കൊല്ലം ജില്ലയിൽ താമസിക്കുന്നില്ല എന്നും പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര പഞ്ചായത്തിൽ ജോലി നോക്കുന്നുവെന്നും കാണിച്ച് 29-4-2008-ലെ സി3-8940/08 നമ്പർ കത്ത് പ്രകാരം മടക്കി അയച്ചു. ഇതിനെ തുടർന്ന് ശ്രീ. ഹരിലാലിന്റെ പേരിലുള്ള ആർ.ആർ. റിക്വിസിഷൻ 11-7-2008-ലെ എ1-346/07 നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിരുന്നു. ശ്രീ. റ്റി. കെ. ഹരിലാൽ കൊല്ലം ജില്ലയിലെ മേലില വില്ലേജിലാണ് സ്ഥിരതാമസമെന്ന് അന്വേഷണത്തിൽ ബോദ്ധ്യമായതിനാൽ ആർ.ആർ. റിക്വിസിഷൻ കൊട്ടാരക്കര തഹസിൽദാർക്ക് നല്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർക്ക് വീണ്ടും സമർപ്പിക്കുവാൻ ഈ ആഫീസിലെ 14-10-2008-ലെ പി2-821/02 നമ്പർ കത്ത് പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്കുകയും ആയത് പ്രകാരം 3-10-2008-ലെ എ1-346/07 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൊല്ലം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

പഞ്ചായത്ത് ഡയറക്ടർ, ശ്രീ. റ്റി. കെ. ഹരിലാലിനെതിരായി 22-11-2011-ൽ ഡി5-25985/2000 നമ്പരായി കുറ്റാരോപണ മെമ്മോയും കുറ്റപത്രവും നല്കിയിട്ടുള്ളതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 3-7-2004-ലെ ഡി5-25985/2000 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. റ്റി. കെ. ഹരിലാലിനെതിരെയുള്ള ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് 2-9-2006-ലെ ഡി5-25985/2000 നമ്പർ കത്ത് മുഖാന്തിരം ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ ശ്രീ. റ്റി. കെ. ഹരിലാലിനെ 20-9-2006-ന് ഡയറക്ടർ ഓഫീസിൽ വച്ച് നേരിൽ കേൾക്കുന്നതിന് 2-9-2006-ലെ ഡി5-25985/2000 നമ്പർ കത്ത് പ്രകാരം നിശ്ചയിച്ചിരുന്നു. ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 28-10-2008-ലെ ഡി8-25985/00 നമ്പർ കത്ത് പ്രകാരം ടിയാനെതിരെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കാൻ വിജിലൻസ് ട്രിബ്യൂണലിന് കൈമാറണമെന്ന് ശുപാർശ ചെയ്ത് സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ വിജിലൻസ് അന്വേഷണം നടത്താനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് ശുപാർശ കൈമാറിയതായി സർക്കാരിൽ നിന്നുള്ള 19-8-2008-ലെ 53368/ഇ.പി.ബി/3/08/ത.സ്വ.ഭ.വ. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്."

ഓഡിറ്റ് ഖണ്ഡിക

**ഹാൾ നിർമ്മാണത്തിന് അധിക തുക നൽകി**

പഞ്ചായത്ത് കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ കോൺഫറൻസ് ഹാൾ നിർമ്മാണത്തിനാണ് അധിക തുക നൽകിയത്. ഗുണഭോക്തൃ സമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ മരാമത്ത് പണികൾ നിർവ്വഹിക്കുന്ന മുറയ്ക്ക് പണം നൽകേണ്ടതിന് പകരം ചട്ടവിരുദ്ധമായി കൺവീനർ ആവശ്യപ്പെട്ട പ്രകാരം തുക നൽകിയതിനാൽ അധിക തുക നൽകിയ സെക്രട്ടറിയിൽ നിന്നും 68,962 രൂപ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.6.5]

89. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ഉത്തരവാദിയായ സെക്രട്ടറി ശ്രീ. റ്റി. കെ. ഹരിലാലിൽ നിന്നും ഈടാക്കുവാനുള്ള 68,962 രൂപ 24% പിഴപ്പലിശയായ 18,569 രൂപയും ഉൾപ്പെടെ ആകെ 87,533 രൂപ ശ്രീ. റ്റി.കെ. ഹരിലാലിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫോം നമ്പർ 24-ൽ ഇടുക്കി ജില്ലാ കളക്ടർക്ക് റിക്വിസിഷൻ 28-11-2007-ൽ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. റ്റി. കെ. ഹരിലാൽ കൊല്ലം ജില്ലാ നിവാസിയായതിനാൽ ആർ.ആർ. റിക്വിസിഷൻ കൊല്ലം ജില്ലാ കളക്ടർക്ക് നേരിട്ട് അയച്ച് കൊടുത്താൽ മതിയെന്നു കാണിച്ച് മടക്കുകയും അതിനെത്തുടർന്ന് 21-2-2008-ൽ ആർ.ആർ. റിക്വിസിഷൻ കൊല്ലം കളക്ടർക്ക് രജിസ്റ്റേർഡ് തപാലായി അയച്ച് കൊടുക്കുകയും ചെയ്തു. ശ്രീ. റ്റി. കെ. ഹരിലാൽ ഇപ്പോൾ കൊല്ലം ജില്ലയിൽ താമസിക്കുന്നില്ല എന്നും പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര പഞ്ചായത്തിൽ ജോലി നോക്കുന്നുവെന്നും കാണിച്ച് 29-4-2008-ലെ സി3-8940/08 നമ്പർ കത്ത് പ്രകാരം മടക്കി അയച്ചു. ഇതിനെ തുടർന്ന് ശ്രീ. ഹരിലാലിന്റെ പേരിലുള്ള ആർ.ആർ. റിക്വിസിഷൻ 11-7-2008-ലെ എ1-346/07 നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിരുന്നു. ശ്രീ. റ്റി. കെ. ഹരിലാൽ കൊല്ലം ജില്ലയിലെ മേലില വില്ലേജിലാണ് സ്ഥിരതാമസമെന്ന് അന്വേഷണത്തിൽ ബോദ്ധ്യമായതിനാൽ ആർ.ആർ. റിക്വിസിഷൻ കൊട്ടാരക്കര തഹസിൽദാർക്ക് നൽകുന്നതിനായി കൊല്ലം ജില്ലാ കളക്ടർക്ക് വീണ്ടും സമർപ്പിക്കുവാൻ ഈ ഓഫീസിലെ 14-10-2008-ലെ പി2-821/02 നമ്പർ കത്ത് പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു."

90. 13-9-2009-ലെ സമിതി യോഗത്തിന്റെ സംക്ഷിപ്തം.

91. പ്രസ്തുത വിഷയങ്ങൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് വിട്ടിരിക്കുകയാണെന്നും പണം തിരികെ ഈടാക്കാൻ തടസ്സമില്ലെന്നും ബാദ്ധ്യത തുക പലിശയുൾപ്പെടെ ഉത്തരവാദിയായ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നോ DCRG യിൽ നിന്നോ ഈടാക്കാൻ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

92. മേൽപ്പറഞ്ഞ രണ്ടു ഓഡിറ്റ് ഖണ്ഡികകളിന്മേലും 19-3-2010 തീയതിയിലെ 25709/AB3/09/തസ്വഭവ നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയിൽ സമർപ്പിച്ച അധികവിവരം താഴെ പറയും പ്രകാരമാണ് :

"നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ 19-6-2009-ലെ എം1-20733/08 നമ്പർ കത്തുപ്രകാരം ശ്രീ. റ്റി. കെ. ഹരിലാലിന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കി പഞ്ചായത്തിൽ അടവാക്കുന്നതിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. റ്റി. കെ. ഹരിലാൽ 1-8-2009 മുതൽ സസ്പെൻഷനിലാണെന്നും ടിയാൻ സർവ്വീസിൽ തിരികെ പ്രവേശിക്കുന്ന മുറയ്ക്ക് റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും 15-1-2010-ലെ ഇ1-10414/09 നമ്പർ കത്ത് പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

93. **മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു ഓഡിറ്റ് ഖണ്ഡികകളിലും ഉൾപ്പെട്ട് ഈടാക്കാനുള്ള ആകെ തുകയായ 80,762 രൂപ പലിശസഹിതം മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. കെ. ഹരിലാലിൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ഏലപ്പാറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ബില്ലുകളോ വൗച്ചറുകളോ രസീതുകളോ ഇല്ലാതെ ചെക്കെഴുതി പണാപഹരണം.**

ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ സാമ്പത്തിക വർഷാന്ത്യം (2001-02) എഴുതിയ ചെക്കുകൾ പരിശോധിച്ച അവസരത്തിൽ ബില്ലുകൾ, വൗച്ചറുകൾ, രസീതുകൾ ഇവ ഒന്നുംവയ്ക്കാതെ 1,09,182 രൂപ സ്വന്തം പേരിലും അല്ലാതെയും ചെക്ക് മാത്രമെഴുതി ധനാപഹരണം നടത്തിയതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. ചെക്കുകൾ എഴുതിയതിന് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും സെക്രട്ടറി വ്യക്തമായ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ രേഖകളിൽ പലതും അനധികൃതവും അനുവദനീയമല്ലാത്തവയുമാണ്. പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ടി. എം. ജോർജ്ജ് കാഞ്ചിയാറിൽ സെക്രട്ടറിയായിരിക്കെ 10,000 രൂപ അപഹരിക്കുകയും പലിശയുൾപ്പെടെ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച തുകയിൽ 24,700 രൂപ അപഹരിക്കുകയും തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച തുകയിൽ 24,700 രൂപ അപഹരിക്കുകയും തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. ഇപ്രകാരം പല പ്രാവശ്യം തിരിമറി നടത്തിയിട്ടും ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ടിയാൻ അപഹരിച്ച 1,09,182 രൂപ പിഴപ്പലിശയുൾപ്പെടെ തിരികെ ഈടാക്കുവാനും ക്രമക്കേടുകൾ സ്ഥിരമായി നടത്തുന്ന ടി വ്യക്തിക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും ആഡിറ്റ് ശുപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.6.15 (1)]

94. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ടി കാലയളവിൽ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന സെക്രട്ടറി ശ്രീ. റ്റി. എം. ജോർജ്ജ് 27-5-2006 തീയതി ഒരു വാഹനാപകടത്തിൽപ്പെട്ട് മരിച്ചു പോയിട്ടുള്ളതിനാൽ ടിയാന്റെ ബാദ്ധ്യതകൾ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്ന് റിക്കവറി നടത്തി ഏലപ്പാറ ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിലേക്ക് ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കോട്ടയം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് 18-9-2007-ലെ എ2-2517/06 നമ്പരായി കത്ത് നൽകിയിട്ടുള്ളതും 22-7-2008-ൽ എ2-2517/06 നമ്പർ കത്തായി ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ കോട്ടയം ഡി.ഡി.പി.യിൽ നിന്നും മറ്റ് വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട വ്യക്തി മരിച്ചുപോയ സാഹചര്യത്തിൽ മറ്റ് തുടർനടപടികൾ സ്വീകരിക്കുന്ന തിനും സാധിച്ചിട്ടില്ല എന്ന വിവരം സവിനയം ബോധിപ്പിക്കുന്നു. ടിയാന്റെ അവകാശികൾക്ക് നാളിതുവരെ ഡി.സി.ആർ.ജി. നൽകിയിട്ടില്ല എന്നുള്ള വിവരവും ബോധിപ്പിച്ചുകൊള്ളുന്നു."

95. പഞ്ചായത്തിന് നഷ്ടമുണ്ടാക്കിയ മുൻ സെക്രട്ടറിയുടെ ഡി.സി.ആർ.ജി. നൽകിയോ എന്ന് സമിതി ആരാഞ്ഞതിന് ടിയാൻ മരിച്ചുപോയെന്നും അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി. നൽകിയിട്ടില്ലായെന്നും ഏലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി എം. അന്നക്കിളി മറുപടി നൽകി.

96. പരാമർശവിഷയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് ബാധ്യത നിശ്ചയിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് ബാധ്യത തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

97. 19-3-2010 തീയതിയിലെ 25709/എ.ബി.3/09/തസ്വഭവ നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് താഴെപ്പറയുന്ന അധികവിവരം സമിതിയെ അറിയിക്കുകയു ണ്ടായി.

"2002-03, 2003-04 കാലയളവിലെ ബാദ്ധ്യത തുകയായ 1,09,182 രൂപ ഉത്തരവാദിയായ മുൻസെക്രട്ടറി ശ്രീ. റ്റി. എം. ജോർജ്ജിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 21-5-2009-ൽ ഇ3-5862/06(3) നമ്പരായി ട്രഷറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. റ്റി. എം. ജോർജ്ജിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും 1,09,182 രൂപ കാഞ്ചിയാർ, വണ്ടിപ്പെരിയാർ എന്നീ പഞ്ചായത്തുകളിലെ ലയബിലിറ്റി ഉൾപ്പെടെ 2,63,865 രൂപ ഈടാക്കുന്നതിനും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 21-5-2009-ലെ E3-5862/06(3) നമ്പരായി കരിമണ്ണൂർ ട്രഷറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം 24-11-2009-ൽ കരിമണ്ണൂർ ട്രഷറി ആഫീസറുമായി ടെലഫോണിൽ വിവരം ആരാഞ്ഞതിൽ ശ്രീ. റ്റി. എം. ജോർജ്ജിന്റെ ഡി.സി.ആർ.ജി.യിൽ 1,87,824 രൂപ മാത്രമാണുള്ളതെന്നും റിക്കവറി നടത്താൻ നിർദ്ദേശിച്ചിട്ടുള്ള തുക ഡി.സി.ആർ.ജി. യേക്കാൾ കൂടുതലായതിനാൽ അക്കൗണ്ടന്റ് ജനറൽ ആഫീസിലേക്ക് ക്ലാരിഫിക്കേഷന് എഴുതിയിട്ടുണ്ടെന്ന് ട്രഷറി ആഫീസർ അറിയിക്കുകയുണ്ടായി."

**നിഗമനങ്ങൾ/ശുപാർശകൾ**

**98. മുൻ സെക്രട്ടറി ശ്രീ. റ്റി. എം. ജോർജ്ജിന്റെ DCRG–യിൽ നിന്നും ബാദ്ധ്യതാ തുക പൂർണ്ണമായും ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

## അനുബന്ധം

### പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പീരുമേട് ഗ്രാമപഞ്ചായത്ത് | 6 | കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് വകുപ്പുതല നടപടി മുഖേന പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. സി. ആർ. ധനപാലനിൽ നിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | 10 | 18,425 രൂപയുടെ പലിശ കൂടി (29,848 രൂപ) ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. ജോർജ്ജ് വി. തോമസിൽ നിന്നും ഈടാക്കണമെന്നും തുക ഈടാക്കിയതിന്റെ വൗച്ചറും രസീതുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോദ്ധ്യപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 3 | ഇടവെട്ടി ഗ്രാമപഞ്ചായത്ത് | 12 | പൈപ്പുലൈനുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്ന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | 14 | ഊർജ്ജ സംരക്ഷണ ഉപാധിയെന്ന നിലയ്ക്കാണ് ചൂടാറാപ്പെട്ടി വിതരണം നടത്തിയതെന്നും കുക്കിംഗ് വെസ്സൽ എന്ന വിഭാഗത്തിൽ ഇത് ഉൾപ്പെടില്ല എന്നുമുള്ള ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| | ,, | 22 | പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെ എല്ലാ രേഖകളും അഗ്രികൾച്ചർ ഓഫീസർ പഞ്ചായത്ത് സെക്രട്ടറി മുഖേന 15 ദിവസത്തിനകം ഇടുക്കി ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം 57,000 രൂപ അഗ്രികൾച്ചർ ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കി വകുപ്പു മുഖേന ഈടാക്കാൻ നടപടി സ്വീകരിച്ച് രണ്ടാഴ്ചയ്ക്കം റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 27 | കൺവീനർക്കു നൽകിയ അധിക തുക ഈടാക്കിയ തിനാലും ഒടിയപാറ ലക്ഷംവീട് കോളനി റോഡ് പണി പൂർത്തിയാക്കിയതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | 31 | ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 2-8-2004-ലെ എൽ. എഫ്. 7/307/02 നമ്പർ അനന്തര റിപ്പോർട്ട് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ള താകയാൽ തുടർനടപടി അവസാനിപ്പിക്കാവുന്ന താണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | ഉപ്പുതറ ഗ്രാമപഞ്ചായത്ത് | 33 | കുളം നിർമ്മാണം-ഉടമസ്ഥത ഉറപ്പുവരുത്താതെ സ്ഥലം വാങ്ങി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ-ഉടമസ്ഥാവകാശം സംബന്ധിച്ച് ആദ്യം തർക്കം ഉണ്ടാ യിരുന്നുവെന്നും പിന്നീട് ഉടമസ്ഥന് അനുകൂലമായി കേസ്സിന്റെ വിധി വന്നുവെന്നും ഇപ്പോൾ പ്രശ്നങ്ങ ളെല്ലാം തീർന്നുവെന്നും അമ്പത്തിയഞ്ചോളം കുടുംബ ങ്ങൾ കുളം ഉപയോഗിക്കുന്നുണ്ടെന്നും ഉള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 8 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 45 | പോളിടെക്നിക് കെട്ടിട നിർമ്മാണം സ്ഥലമെടുപ്പ് ഒഴിവാക്കാമായിരുന്ന ചെലവ് എന്ന ഓഡിറ്റ് പരാമർശ ത്തിന്മേൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിരാകരണം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 47 | പഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ഓഡിറ്റ് വകുപ്പ് ശുപാർശ ചെയ്തതിന്റെ വെളിച്ച ത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| | ,, | 52 | ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാതെ മുഴുവൻ തുകയും വിതരണം ചെയ്തതുവഴി പഞ്ചായത്തിനു നഷ്ടപ്പെട്ട 1,20,000 രൂപ ഉത്തരവാദിയായ വെറ്ററിനറി സർജൻ ഡോ. മാത്യു തോമസിന്റെ പക്കൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 64 | മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് ഓഡിറ്റ് പരാമർശങ്ങളിലും ഉൾപ്പെട്ട വസ്തുതകൾ ഒരിക്കൽക്കൂടി വിശദമായി പരിശോധിച്ചതിനുശേഷം സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. അതിനുശേഷം ഇക്കാര്യത്തിൽ മേൽ നടപടി ശുപാർശ ചെയ്യുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | വട്ടവട ഗ്രാമപഞ്ചായത്ത് | 74 | ചെക്ക് ലീഫും കൗണ്ടർ ഫോയിലും മോഷ്ടിച്ച് അപഹരിച്ച, 1,69,505 രൂപയും, തമിഴ് വോട്ടേഴ്സ് ലിസ്റ്റിന്റെ അച്ചടിക്കായി പിൻവലിച്ച 15,000 രൂപയിൽ കൈപ്പറ്റു രശീതുള്ള 9,000 രൂപ കിഴിച്ച് ബാക്കി 6,000 രൂപയും വിശദാംശങ്ങളില്ലാതെ ട്രഷറിയിൽനിന്നും പിൻവലിച്ച 1,32,146 രൂപയും ചേർത്ത് ആകെ 3,07,651 രൂപ പലിശ സഹിതം ശ്രീ. പി. ജി. മോഹനന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കണമെന്നും ഡി.സി.ആർ.ജി.യിലെ തുക അപര്യാപ്തമാണെങ്കിൽ ബാക്കി വരുന്ന തുക ആർ.ആർ. നടപടിയിലൂടെയും ഈടാക്കി ആയതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 75 | അതോടൊപ്പം പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്നും ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 10 | കരുണാപുരം ഗ്രാമപഞ്ചായത്ത് | 78 | കേസുമായി ബന്ധപ്പെട്ട് കോടതി വിധിയായോ എന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | ,, | 80 | കേസുമായി ബന്ധപ്പെട്ട് കോടതി വിധിയായോ എന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 11 | പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | 87 | ബാദ്ധ്യത തുക പൂർണ്ണമായും കൃഷി ഓഫീസറിൽ നിന്നും ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിനുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | കുടയത്തൂർ ഗ്രാമപഞ്ചായത്ത് | 93 | മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു ഓഡിറ്റ് ഖണ്ഡിക കളിലും ഉൾപ്പെട്ട് ഈടാക്കാനുള്ള ആകെ തുകയായ 80,762 രൂപ പലിശസഹിതം മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. കെ. ഹരിലാലിൽ നിന്നും ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 98 | മുൻ സെക്രട്ടറി ശ്രീ. റ്റി. എം. ജോർജ്ജിന്റെ DCRG-യിൽ നിന്നും ബാദ്ധ്യതാ തുക പൂർണ്ണമായും ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |